

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പന്മന ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ .കെ എൽ എം-പി.2/2201/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 10/12/2024
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പന്മന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പന്മന ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പന്മന ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ .കെ എൽ എം-പി.2/2201/24 തീയ്യതി: 10/12/2024

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2023 മുതൽ 14-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സജികുമാർ. ജി	ഡെപ്യൂട്ടി ഡയറക്ടർ	22-11-2024	30-11-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
22-11-2024	30-11-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പത്മകുമാരി എൽ, ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ രാകേഷ് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ശരൺ എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി ഷമി.എം	പ്രസിഡന്റ്	01-04-2023	22-01-2024
ശ്രീമതി ഐ.ജയചിത്ര	പ്രസിഡന്റ്	23-01-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സി.പി വിൻസെന്റ്	സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി ജയലക്ഷ്മി എൽ	അസി.സെക്രട്ടറി	01-04-2023	13-07-2023
ശ്രീമതി റോഷി സിസിലിയ	അസി.സെക്രട്ടറി	14-07-2023	31-03-2024
ശ്രീ.ബിനോയ്.കെ.വി	കൃഷി ഓഫീസർ	01-04-2023	31-03-2024
ശ്രീ.അരുൺ വി.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	12-07-2023
ശ്രീ ജയരാജ് വി കെ	അസിസ്റ്റന്റ് എഞ്ചിനീയർ	19-07-2023	31-03-2024
ഡോ. ജോൺ ലാലി	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ഡോ.സോണിയ.വി.എസ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2023	31-03-2024
ഡോ.ജിഷ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	27-12-2023
ഡോ ബിന്ദു	മെഡിക്കൽ ഓഫീസർ (ഹോമിയോ)	28-12-2022	31-03-2024
ഡോ ശശി എം.ഡി	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	01-04-2023	09-11-2023

ഡോ തനൂജ.എസ്	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	10-11-2023	31-03-2024
ശ്രീ അനസ്	ഹെഡ്മാസ്റ്റർ	01-04-2023	04-06-2023
ശ്രീമതി അമ്പിളികുമാരി.	ഹെഡ് മിസ്ട്രസ്	05-06-2023	31-03-2024
ശ്രീമതി.സ്മൃതി ഗോപാലകൃഷ്ണൻ	വി.ഇ.ഒ.	01-04-2023	01-12-2023
ശ്രീ.വിശാൽ രാജ്	വി.ഇ.ഒ.	02-12-2023	03-01-2024
ശ്രീമതി ശാരിക ഒ.എസ്	വി.ഇ.ഒ.	04-01-2024	31-03-2024
ശ്രീ.വിശാൽ രാജ്	വി.ഇ.ഒ	01-04-2023	31-03-2024
ശ്രീ.പത്മകുമാർ	വി.ഇ.ഒ.	01-04-2023	31-03-2024
ശ്രീമതി ഫൗസിയ എം	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	13-11-2023
ശ്രീമതി കലാരഞ്ജിനി	ഡയറി ഫാം ഇൻസ്ട്രക്ടർ	14-11-2023	31-03-2024
ശ്രീ.സക്കീർ ഹുസൈൻ	അക്രഡിറ്റഡ് എഞ്ചിനീയർ	01-04-2023	31-03-2024
ശ്രീമതി.സ്വപ്ന കുമാരി	ഐസിഡിഎസ് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി നിത്യ.എസ്	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2023	18-06-2023
ശ്രീമതി ധന്യ യു	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	19-06-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല	1-1-1
3	ക്യാഷ്ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-2
4	വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.	1-1-3
5	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-4
6	ബജറ്റ്	1-2
7	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
8	ഗ്രാന്റ് വിനിയോഗം	1-4
9	പദ്ധതി അവലോകനം	1-5
10	തൊഴിലുറപ്പ് പദ്ധതി	1-6
11	ക്ഷേമ പദ്ധതികൾ	1-7
12	ക്യാഷ് പരിശോധന	1-8
13	ആഭ്യന്തര നിയന്ത്രണം	1-9
14	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
15	മൊബൈൽ ടവർ വസ്തു നികുതിയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു.	1-11
16	തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-12
17	ജി.എസ്.ടി ഈടാക്കുന്നത് സംബന്ധിച്ച്	1-13

18	പത്രപരസ്യം നടത്തുമ്പോൾ നിയമാനുസൃതം ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ട തുക ഒഴിവാക്കി തുക നൽകി.	1-14
19	ലൈഫ് ഭവന പദ്ധതി തുക അധികം നൽകി	1-15
20	മഴക്കാല പൂർവ്വശുചീകരണം- ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.	1-16
21	തനത് ഫണ്ട് ചെലവുകളുടെ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ	1-17
22	പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക അധികം നൽകി	1-18
23	പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം പൂർണ്ണമായും ഉപയോഗിച്ചിട്ടില്ല	1-19
24	ഹരിതമിത്രം ഗാർബേജ് മോണിറ്ററിംഗ് ആപ്പ് പദ്ധതി പ്രവർത്തനലക്ഷ്യം കൈവരിച്ചില്ല	1-20
25	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.	1-21
26	പള്ളിക്കലാർ വട്ടക്കായൽ നവീകരണം-പദ്ധതിയിലെ അപാകതകൾ	1-22
27	വാറന്റി പീരിഡിലുള്ള ഉപകരണം തകരാർ പരിഹരിക്കാതെ തിരിച്ചയച്ച സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചില്ല.	1-23
28	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-24
29	പഞ്ചായത്തോഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-25
30	തെരുവു വിളക്കുപകരണങ്ങൾ വാങ്ങലും തെരുവു വിളക്ക് പരിപാലനം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല.	1-26
31	വായന ശാലകൾക്ക് പത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള തുക നൽകൽ പദ്ധതി നടത്തിപ്പിലെ അപാകത	1-27
32	റീടാറിംഗിന് കരാറിലേർപ്പെട്ട റോഡ് പൂർണ്ണമായി പുതുക്കി നിർമ്മിച്ചു.	1-28
33	അസി.എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ	1-29

34	വീട് വാസയോഗ്യമാക്കൽ മൂല്യനിർണ്ണയ സാക്ഷ്യപത്ര പ്രകാരം അനുവദനീയമായതിലും കൂടുതൽ തുക നൽകി.	1-30
35	എള്ള് കൃഷിക്ക് സബ്സിഡി- പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും അധികമായി സബ്സിഡി നൽകി	1-31
36	അധികം സബ്സിഡി അനുവദിച്ചു	1-32
37	കൃഷി ഓഫീസർ നടപ്പാക്കിയ സ്പിൽ ഓവർ പ്രോജക്ടുകളിലെ അപാകതകൾ	1-33
38	പള്ളിക്കലാർ അതിർത്തി നിർണ്ണയം-വ്യക്തമായ സർക്കാർ ഉത്തരവില്ലാതെ തുക അനുവദിച്ചു.	1-34
39	ഹരിതകർമ്മസേന പ്രവർത്തനാവലോകനം	1-35

ഭാഗം 2

--- No Records Found ---

ഭാഗം 3

1	അധികം സബ്സിഡി അനുവദിച്ചു.	3-1
2	ലൈഫ് ഭവന പദ്ധതി തുക അധികം നൽകി	3-2
3	പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക അധികം നൽകി	3-3
4	വീട് വാസയോഗ്യമാക്കൽ മൂല്യനിർണ്ണയ സാക്ഷ്യപത്ര പ്രകാരം അനുവദനീയമായതിലും കൂടുതൽ തുക നൽകി	3-4
5	എള്ള് കൃഷിക്ക് സബ്സിഡി- പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും അധികമായി സബ്സിഡി നൽകി	3-5

ഭാഗം 4

1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2

3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	അനുബന്ധ പത്രികകൾ	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

പന്മന ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28-05-24 തീയതിയിലെ 1(1)-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 29-05-24 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ

ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പന്മന ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം-കൊല്ലം
തീയതി- 10-12-2024

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

<u>1-1-1 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല</u>

തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B1 Schedule.

1-1-2 ക്യാഷ്ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-3 വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ലൈഫ് ഭവന പദ്ധതിയ്ക്കായി ചെലവഴിച്ച ലോൺ തുകയും സ്റ്റേറ്റ് ഷെയർ തുകയും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാമാസവും ഡിമാന്റ്എൻട്രി ഇല്ല.

1-2 ബജറ്റ്

22-03-23 ലെ 1(2) നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 27-01-24 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	4,31,78,406/- രൂപ
വരവ്	13,29,29,667/- രൂപ
ആകെ	17,61,08,073/- രൂപ
ചെലവ്	13,15,30,660/- രൂപ
നീക്കിയിരിപ്പ്	4,45,77,413/- രൂപ
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം	1,29,045/-രൂപ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1,11,98,143/-രൂപ

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ് (രൂപ)	ആകെ (രൂപ)	ചെലവ് (രൂപ)	നീക്കിയിരിപ്പ്/ (ലാപ്സായ തുക) (രൂപ)	കുറിപ്പ്
വികസനഫണ്ട്(ജനറൽ)	0	3,12,91,000/-	3,12,91,000/-	3,11,78,453/-	1,12,547/-	-
വികസനഫണ്ട്(എസ്.സി.പി)	0	1,30,92,000/-	1,30,92,000/-	1,00,21,873/-	30,70,127/-	-
മെയിന്റനൻസ്ഫണ്ട് (റോഡ്)	0	1,82,00,650/-	1,82,00,650/-	10,59,200/-	1,71,41,450/-	-
മെയിന്റനൻസ്ഫണ്ട് (നോൺറോഡ്)	0	70,08,600/-	70,08,600/-	41,65,982/-	28,42,618/-	-
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ബാങ്ക്	1,00,81,993/-	39,19,500/-	1,40,01,493/-	36,06,376/-	1,03,95,117/-	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ബാങ്ക്	11,39,877/-	55,02,888/-	66,42,765/-	39,33,275/-	27,09,490/-	
കേന്ദ്രാവിഷ്കൃത ഗ്രാന്റ്						
MGNREGS	7,03,051/-	11,26,905/-	18,29,956/-	18,28,131/-	1825/-	
ശുചിത്വമിഷൻ	9,28,668/-	-	9,28,668/-	7,86,403/-	1,42,265/-	
ICDS - സെൻട്രൽ ഷെയർ	3305424/-	4009495/-	7314919/-	4389897/-	2925022/-	
സർവ ശിക്ഷ അഭിയാൻ	62,000/-	0	62,000/-	0	62,000/-	
സമ്പൂർണ്ണ ശുചിത്വം	25,000/-	0	25,000/-	0	25,000/-	
പി.എച്ച്. സി.ഇൻഫ്രാസ്ട്രക്ച്ചർ	570632/-	1529423/-	2100055/-	1850061/-	249994/-	
സബ്സെന്റർ	349876/-	570905/-	920781/-	601825/-	318956/-	
സംസ്ഥാനാവിഷ്കൃത ഗ്രാന്റ്						
ബേബി ഫ്രണ്ട് ലി ടോയ്ലെറ്റ്	60,000/-	0	60,000/-	0	60,000/-	
ഖരമാലിന്യസംസ്കരണം	2,06,175/-	0	2,06,175 /-	0	2,06,175 /-	
ജലനിധി	36,47,942/-	99708/-	37,47,650/-	0	37,47,650/-	
കാവ് പുനരുദ്ധാരണം	3,60,000/-	0	3,60,000/-	0	3,60,000/-	
സാക്ഷരത		5853/-	5853/-	5853/-		

ലൈഫ് ഭവനപദ്ധതി(സംസ്ഥാന വിഹിതം)	6,60,000/-	13480000/-		7940000/-	6200000/-	

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (രൂപ)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (രൂപ)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
227	3,96,39,2187/-	134	12,56,15,585/-	0	93	59%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരുപ്പ് ₹
ഭരണചെലവുകൾ MNREGA A/C	7,03,051/-	11,26,905/-	18,29,956/-	18,28,131/-	1,825/-
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	-	7,74,03,663/-	7,74,03,663/-	7,74,03,663/-	-

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക ₹
കർഷകതൊഴിലാളി പെൻഷൻ	32,93,200/-
വിധവാപെൻഷൻ	1,85,09,900/-
വാർദ്ധക്യകാലപെൻഷൻ	3,59,37,300/-
വികലാംഗപെൻഷൻ	74,64,700/-
50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	4,62,400/-

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	1,20,000/-

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.11.24, 12.30 PM ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,430/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്ഥിരം സമിതി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യുർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്.
ജീവനക്കാരുടെ തൊഴിൽ നികുതിയുടെ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെ ഡിമാന്റ് തുകകൾ വാർഷിക ധനകാര്യ പത്രിക പ്രകാരം യഥാക്രമം 60,35,370/-രൂപ, 58,80,400/-രൂപ എന്നിങ്ങനെയാണ്. ഡിമാന്റ് ഇനത്തിൽ 1,54,970/-രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല. പദ്ധതിയുടെ യഥാസമയമുള്ള പൂർത്തീകരണത്തിനും, പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനും, ഫലപ്രദമായ മോണിറ്ററിംഗ് അനിവാര്യമാണ്. ഭരണസമിതിയും, സ്ഥിരം സമിതികളും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കടമകളും, ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്നതിന് പര്യാപ്തമായ ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിൽക്കുന്നതായി വിലയിരുത്തുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	14.08.2022	1 മാസം	-
അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	30.08.2014	2009-2010 To 2013-14	27.10.2014

1-11 മൊബൈൽ ടവർ വസ്തു നികുതിയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു.

സഞ്ചയ സോഫ്റ്റ്വെയർ പരിശോധനയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ ഈടാക്കിയതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ടവർ നം.	ഉടമസ്ഥന്റെ പേര്	മൊബൈൽ ടെലഫോൺ ടവറിന്റെ ആകെ വിസ്തീർണം (ച.മീ)	കുടിശ്ശിക കാലയളവ്	കുടിശ്ശിക തുക (രൂപ)
10/190	ഡിഷ് നെറ്റ് വയർലെസ്സ് എയർസെൽ	11.5	2013-14 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	76,245/-

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് 2013 മുതൽ ഉള്ള വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് കേസ് നടക്കുന്നുവെന്നാണ് മറുപടി നല്കിയത്. നടപടികളുടെ തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നം: 20/30.11.24

1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2023-24 ൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ ചുവടെ പറയുന്ന കരാറുകാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

ക്രമനം.	**കരാറുകാരന്റെ പേര്**	**അർദ്ധ വർഷം**
1	ശ്രീ. ഷാജഹാൻ	I,II
2	ശ്രീ.സജീവൻ എസ്	I,II
3	ശ്രീ.നൌഷാദ് കുട്ടി	I,II
4	ശ്രീ.മുഹമ്മദ് ഇക്ബാൽ	I,II
5	ശ്രീ.ഷെഫീക്ക് കെ കെ	I,II
6	ശ്രീ.സഞ്ജയൻ എസ്	I,II
7	ശ്രീ.ഫൈസൽ ടികെ	I,II
8	ശ്രീ.സുബിൻഷാ	I,II
9	ശ്രീ.നിയാസ്	I,II
10	ശ്രീ.ജാക്സൺ ജോൺസൺ	I,II
11	ശ്രീ.അബ്ദുൽ മജീദ് എം	I,II
12	ശ്രീ.ഷമീം റ്റി	I,II
13	ശ്രീ.രാധാകൃഷ്ണൻ	I,II
14	ശ്രീ.സുൽഫിയ സുഹൈൽ	I,II
15	ശ്രീ.ശശിധരൻ പിള്ള	I,II
16	ശ്രീ.രാജീവ് ആർ	I,II
17	ശ്രീ.രമേശൻ എസ്	I,II
18	ശ്രീ.ഗോപാലകൃഷ്ണൻ പി	I,II

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൂയറിക്ക് (നം.11/29.11.24) മേൽ പറഞ്ഞവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. നിയമപ്രകാരം തൊഴിൽനികുതി നൽകുവാൻ ബാധ്യസ്ഥരായ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-13 ജി.എസ്.ടി ഈടാക്കുന്നത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 20/595 നമ്പർ കെട്ടിടം പ്രതിമാസം 3801/-രൂപ നിരക്കിൽ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന് 15.11.22 മുതൽ വാടകയ്ക്ക് നൽകിയിരിക്കുന്നു. എന്നാൽ 15.11.22 മുതൽ 31.03.24 വരെയുള്ള കാലഘട്ടത്തിൽ വാടകത്തുകയോടൊപ്പം ഈടാക്കേണ്ട ജി.എസ്.ടി ഇനത്തിലുള്ള തുക നാളിതുവരെ ഒടുക്കുവരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (5/27.11.24) ജി.എസ്.ടി ഇനത്തിലുള്ള തുക ഒടുക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ജി.എസ്.ടി ഇനത്തിലുള്ള തുക ഈടാക്കി ബന്ധപ്പെട്ട സ്ഥാപനത്തിൽ ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

1-14 പത്രപരസ്യം നടത്തുമ്പോൾ നിയമാനുസൃതം ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ട തുക ഒഴിവാക്കി തുക നൽകി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പത്രങ്ങളിൽ പരസ്യങ്ങൾ നൽകുമ്പോൾ ഗവൺമെന്റ് ഉത്തരവ് G.O.(Rt) No.5/2021 I & PRD Dated 11-10-21 പ്രകാരം 15 ശതമാനം ഡിസ്കൗണ്ടിന് അർഹതയുണ്ട്. എന്നാൽ ഈ ആനുകൂല്യം ഉപയോഗപ്പെടുത്തിയില്ല എന്ന് താഴെപ്പറയുന്ന പരസ്യചെലവുകൾ വ്യക്തമാക്കുന്നു.

ക്രമനം	പത്രം	ഇൻവോയ്സ് നമ്പർ /തീയതി	ബിൽ തുക (ജി.എസ്.ടി. ഒഴികെ)(രൂപ)
1	കേരള കൗമുദി	BLQN00166686/12.12.23	34560/-
2	മലയാള മനോരമ	KDO432008779/16.07.2023	32000/-
			ആകെ- 66560/- രൂപ

പത്രപരസ്യം ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ട 9,984/-രൂപ (66560/-ന്റെ 15%) പത്രസ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഡിസ്കൌണ്ട് തുക കുറവ് ചെയ്യാതെ തുക ചെലവഴിച്ച സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

ഓഡിറ്റ് എൻകൃയറി- 21/30.11.2024

1-15 ലൈഫ് ഭവന പദ്ധതി തുക അധികം നൽകി

ലൈഫ് ഭവന പദ്ധതി ഗുണഭോക്താവായ ശ്രീമതി സുധ എന്ന വ്യക്തിക്ക് ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ആനുകൂല്യമായ നാലു ലക്ഷം രൂപ നൽകുന്നതിനു പകരം അഞ്ചു ലക്ഷം രൂപ വിവിധ ബില്ലുകളിലായി നൽകിയിരിക്കുന്നു.
ശ്രീമതി സുധയുടെ (സുധ, രവി) പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കരുനാഗപ്പള്ളി ശാഖയിലെ 57026197960 നമ്പർ അക്കൌണ്ടിലേക്കാണ് താഴെ പറയുന്ന തീയതിയിൽ വിവിധ ഫണ്ടിൽ നിന്നും തുക അനുവദിച്ചിരിക്കുന്നത്.

തുക(രൂപ)	ഫണ്ടിനം	തീയതി	ബിൽ നമ്പർ
40000/-	ലോൺ	10-01-23	20/23/05-01-23
1,60,000/-	ജില്ലാപഞ്ചായത്ത്	05-03-23	33/23/13-03-23
1,00,000/-	ലോൺ	12-06-23	50/02-06-23
1,00,000/-	ലോൺ	15-06-23	55/12-06-23
60,000/-	ലോൺ	22-02-24	6614/18-02-24
40,000/-	സംസ്ഥാനവിഹിതം	22-07-24	3612/20-02-24
ആകെ-5,00,000/-			

അധികം നൽകിയ തുക തിരികെ ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടിയായി 02-12-2014 1240103431/G020804 നമ്പർ രസീതു പ്രകാരം 50,000/-രൂപ തിരികെ ഒടുക്കിയിട്ടുണ്ട്. ബാക്കി തുക തിരികെ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയിട്ടുള്ള 50,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. അധികം തുക നൽകിയതിന് ഉത്തരവാദികളായവരിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

നിരാകരിച്ച തുക 50000/-രൂപ
ഓഡിറ്റ് എൻകൃയറി നമ്പർ –9/29-11-24

1-16 മഴക്കാല പൂർവ്വശുചീകരണം- ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2023-24 സാമ്പത്തിക വർഷത്തെ താഴെപ്പറയുന്ന തനത് ഫണ്ട് ചെലവുകളുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
1. ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലേക്ക് വാർഡ് ഒന്നിന് 10,000/-രൂപ വീതം ശുചിത്വമിഷൻ വിഹിതവും 10,000/-രൂപ വീതം ഗ്രാമപഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്തി ആകെ 4,60,000/-രൂപ ചെക്ക് നമ്പർ 00021/20.04.2023 പ്രകാരം മെഡിക്കൽ ഓഫീസർ-സി.എച്ച്.സി. ക്ക് അനുവദിച്ചു. എന്നാൽ ഈ ഇനത്തിലെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
2. ഗവ. ഡി.വി.എൽ.പി.സ്കൂൾ വടക്കുംതല ഹെഡ്മാസ്റ്ററിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനത്തിന്റെ ചെലവിനായി 50000/-രൂപ തനത് ഫണ്ടിൽ നിന്നും ചെക്ക് നമ്പർ 1115/25.08.2023 പ്രകാരം അനുവദിച്ചു. എന്നാൽ ഈ തുകയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ, 2 ഇനങ്ങളിലായി നൽകിയിട്ടുള്ള 5,10,000/-രൂപ (460000 + 50000) തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി 2 മാസത്തിനകം ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ലെങ്കിൽ നിയമപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.
ഓഡിറ്റ് എൻകൗയറി- 22/30.11.2024
ഓഡിറ്റ് തടസ്സം- 510000/- (460000 + 50000)

1-17 തനത് ഫണ്ട് ചെലവുകളുടെ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് വൗച്ചറിൽ ഉൾപ്പെടുത്തി നടത്തിയ താഴെപ്പറയുന്ന ചെലവുകളിൽ അപാകതകൾ കാണുന്നു.
1. നാലാം വാർഡിലെ 74-ാം നമ്പർ അംഗനവാടിയിൽ കുടിവെള്ള വിതരണത്തിനായി ഒരു എച്ച്.പി. മോട്ടോർ വാങ്ങി സ്ഥാപിച്ചതിന് പണിക്കൂലി ഉൾപ്പെടെ ആകെ 10,000/-രൂപ അനുവദിച്ചു. എന്നാൽ പ്രസ്തുത അംഗനവാടിയിൽ കിണർ ഇല്ല. സമീപത്തെ മറ്റൊരു

സ്ഥാപനത്തിലെ കിണറിലാണ് മോട്ടോർ സ്ഥാപിച്ചതായി ഫയൽ പരിശോധനയിൽ കാണുന്നത്. ഇത് ക്രമപ്രകാരമല്ല. പ്രസ്തുത അംഗനവാടിയിൽ പുതിയ കിണർ നിർമ്മിച്ച് ടി മോട്ടോർ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. കെ.ഐ.പി. കോമ്പൗണ്ടിൽ അപകടകരമായി നിന്ന ആഞ്ഞിലി മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ചെലവായ 24,855/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് 24/08/2023ലെ 42(1) നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം അനുമതി നൽകി. ഈ തുക കെ.ഐ.പി. എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും പിന്നീട് തിരികെ ഈടാക്കുന്നതാണ് എന്ന് തീരുമാനിച്ചിരുന്നു. എന്നാൽ ഈ തുക നാളിതുവരെ തിരികെ ലഭ്യമായിട്ടില്ല. തുക ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻകൗയറി – 22/30.11.2024

1-18 പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക അധികം നൽകി

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി ആനുകൂല്യം നൽകിയപ്പോൾ സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും അധികം നൽകി.

പ്രോജക്ട്	പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (46/24)
അടങ്കൽ	12,00,000/-രൂപ
ഫണ്ടിനം	വികസനഫണ്ട് എസ്.സി.പി.
ചെലവ്	9,05,000/-രൂപ
ബിൽ നമ്പർ	1,95,000/-രൂപ, 12/21-12-23 80,000/-രൂപ, 16/21-12-23 70,000/-രൂപ, 17/28-12-23 80,000/-രൂപ, 19/28-12-23 1,65,000/-രൂപ, 20,31-1-24 1,15,000/-രൂപ, 21/31-1-24

	40,000/-രൂപ, 22/5-2-24 10,000/-രൂപ, 23/4-8-24 60,000/-രൂപ, 24/25-3-24 20.000/-രൂപ, 26/25-3-24 70,000/-രൂപ, 28/25-3-24

താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് തുക അധികം നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

വിദ്യാർത്ഥിയുടെ പേര്	പഠിക്കുന്ന കോഴ്സ്	നൽകാവുന്ന തുക(രൂപ)	നൽകിയ തുക(രൂപ)	അധികം നൽകിയ തുക(രൂപ)	ബിൽ നമ്പർ
അഞ്ജലി തുളസി	DLEd	15,000/-	20,000/-	5,000/-	12/21-12-23
ആർദ്ര സുരേന്ദ്രൻ	DPharm	15,000/-	30,000/-	15,000/-	20/31-01-24

തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടിയായി മേൽ വ്യക്തികളിൽ നിന്നും തുക തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ അധികം ചെലവഴിച്ച 20,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകുയറി നമ്പർ 1/23-11-24
നിരാകരിച്ച തുക-20,000/-രൂപ

1-19 പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം പൂർണ്ണമായും ഉപയോഗിച്ചിട്ടില്ല

പട്ടികജാതി പുരുഷൻമാർക്ക് ശിങ്കാരിമേളവും ഉപകരണങ്ങളും വാങ്ങി നൽകൽ എന്ന പ്രോജക്ടിനായി പിരിച്ചെടുത്ത ഗുണഭോക്തൃവിഹിതം പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്	പട്ടികജാതി പുരുഷൻമാർക്ക് ശിങ്കാരിമേള പരിശീലനവും, ഉപകരണങ്ങൾ വാങ്ങി നൽകലും (199/24)
അടങ്കൽ	3,15,000/-രൂപ

ഫണ്ടിനം	എസ്.സി.പി ഗുണഭോക്തൃവിഹിതം
ചെലവ്	3,00,000/-രൂപ, എസ്.സി.പി 13,000/-രൂപ, ഗുണഭോക്തൃവിഹിതം
ബിൽ നമ്പർ	1/06-06-23—90,000/- 55/01-02-24—2,10,000/- 1210/26-03-24-13,000/-

16523 നമ്പർ രസീതു ബൂക്കിന്റെ 1 മുതൽ 15 വരെ രസീതു പ്രകാരം 1045/-രൂപാ നിരക്കിൽ 15 പേരിൽ നിന്നും 15675/-രൂപ പിരിച്ചെടുത്ത് 1230100901/12-06-23 നമ്പർ രസീതു പ്രകാരം ഒടുക്കിയിട്ടുണ്ട്. എന്നാൽ ആയതിൽ നിന്നും 13,000/- രൂപാ മാത്രമേ ചെലവഴിച്ചിട്ടുള്ളു.
പ്രസ്തുത പദ്ധതി പ്രകാരം കമ്മട്ടേഷൻ എടുത്ത ശ്രീ ചന്ദ്രബാബൂ റിലവന്റ് സ്ക്കുൾ ഓഫ് മ്യൂസിക്കിന്റെ താഴെ പറയുന്ന ഇൻവോയ്സ് പ്രകാരം ആണ് തുക ചെലവഴിച്ചിരിക്കുന്നത്.

ഇൻവോയ്സ് നമ്പർ	**തുക**	**ഫണ്ടിനം**
052/29-3-23	90,000	Scp
030/29-1-24	2,23,500	210,000/-Scp 13,000/- Bc

ആയതിനാൽ അധികം തുക എസ്.സി.ഫണ്ടിൽ നിന്നും ചെലവവിക്കാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടിയായി എസ്.സി. ഫണ്ട് അധികം ചെലവഴിച്ചതാണെന്നും, ആയത് ഗുണഭോക്തൃവിഹിതം ഉപയോഗിച്ച് ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയത് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

<u>വാട്ടർ ടാങ്ക് ഗുണഭോക്തൃവിഹിതമിനത്തിൽ അധികം തുക പിരിച്ചെടുത്തു</u>
വാട്ടർ ടാങ്ക് പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളിൽ നിന്നും ആവശ്യമായതിലും അധികം തുക പിരിച്ചെടുത്തു.

രസീതു നമ്പർ	**തുക(രൂപ)**
1/1996	1000/-രൂപ

2/1996	1000/-രൂപ
3/1996-100/1996	782/-രൂപാ നിരക്കിൽ
1/26807—37/26807	613/-രൂപാ നിരക്കിൽ

പദ്ധതി പ്രകാരം 613/-രൂപാ നിരക്കിൽ മാത്രം പിരിച്ചെടുത്താൽ മതി എന്നിരിക്കെ തുക അധികം പിരിച്ചെടുത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകൗയറിക്ക് മറുപടിയായി തുക ബന്ധപ്പെട്ട വ്യക്തികൾക്ക് തിരികെ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 613/-രൂപയിൽ കൂടുതലായി ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും, അധികമായി ഈടാക്കിയിട്ടുള്ള ഗുണഭോക്തൃവിഹിതം തിരികെ നൽകി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻകൗയറി നമ്പർ 18/30-11-24

1-20 ഹരിതമിത്രം ഗാർബേജ് മോണിറ്ററിംഗ് ആപ്പ് പദ്ധതി പ്രവർത്തനലക്ഷ്യം കൈവരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളുടെയും സ്ഥാപനങ്ങളുടെയും മാലിന്യനീക്കം ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ഹരിതമിത്രം ആപ്പ് പ്രവർത്തനത്തിനായി കെൽട്രോണുമായി ചേർന്ന് പദ്ധതി നടപ്പിലാക്കിയിരുന്നു. എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളുടെയോ സ്ഥാപനത്തിന്റെയോ വിവരങ്ങൾ ആപ്പ് മുഖേന ലഭ്യമാകുന്നില്ല. ഒരേ കെട്ടിടത്തിന് തന്നെ ഒന്നിൽ കൂടുതൽ ക്യൂ.ആർ കോഡ് പതിച്ചിരിക്കുന്ന രീതിയിൽ ഉള്ള വിവരങ്ങൾ ആണ് ലഭ്യമാകുന്നത്. സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ ഹരിതമിത്രം ആപ്പിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. നിലവിൽ പുതിയ കെട്ടിടങ്ങൾക്ക് ക്യൂ.ആർ കോഡ് പതിക്കുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകൗയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഹരിതമിത്രം ആപ്പിലെ കെട്ടിടങ്ങളുടെ വിവരങ്ങളും പഞ്ചായത്തിലെ വിവരങ്ങളും പരിശോധിച്ച് കൃത്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൗയറി നമ്പർ 17/30-11-24

1-21 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറിനിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതിയുടെ നം, പേര്, അടങ്കൽ തുക (₹), ഫണ്ട്, നിർവ്വഹണോദ്യോഗസ്ഥൻ	ചെലവഴിച്ച തുക (₹) (ബിൽ നം),സ്ഥാപനം	തടസ്സപ്പെടുത്തുന്ന തുക (₹)	റിമാർക്ക്സ്
1	പ്രോ നം.289/24ഊപ്പത്തിൽമുക്ക് കെ.ഐ.പി.കനാൽ റോഡ് കോൺക്രീറ്റ്- KIPയിലേക്ക് തുക അടവാക്കൽ ചെലവഴിച്ച തുക-500000/- തനത് ഫണ്ട് .	500000/- വൗച്ചർ നം. 22301205/ 15-12-23 കെ.ഐ.പി, (എൽ.ബി)സെക്ഷൻ ,കൊല്ലം	500000/-	മേൽ പദ്ധതി നടത്തിപ്പിനായി കരാറുകാരൻ സൈറ്റിൽ പണി ആരംഭിക്കാൻ ചെന്നപ്പോൾ പ്രദേശവാസികൾ തർക്കം ഉന്നയിച്ച് പണി തടസ്സപ്പെടുത്തിയിട്ടുള്ളതാണെന്നും തർക്കം പരിഹരിക്കപ്പെടാത്തതിനാൽ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യമാണെന്ന് കെ.ഐ.പി,(എൽ.ബി) സെക്ഷൻൻ, കൊല്ലം അറിയിച്ചതായും ഭരണസമിതി തീരുമാനത്തിന്റെ യടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുമെന്നാണ് എൻകയറിക്ക് മറുപടി നൽകിയിട്ടുള്ളത്. തുടർനടപടികൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണസാക്ഷ്യപത്രം,വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.അല്ലാത്തപക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.
2	പ്രോ നം.228/24മുത്താൻവിള കെ.ഐ.പി.കനാൽ റോഡ് കോൺക്രീറ്റ്- KIPയിലേക്ക് തുക അടവാക്കൽ ചെലവഴിച്ച തുക-500000/- തനത് ഫണ്ട് .	500000/- വൗച്ചർ നം. 22301225/ 15-12-23 കെ.ഐ.പി, (എൽ.ബി) സെക്ഷൻ,കൊല്ലം	500000/-	പഞ്ചായത്തിന്റെ അധീനതയിലുള്ള ഏതൊക്കെ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കി, ഏതൊക്കെയിനങ്ങളിൽ തുക ചെലവഴിച്ചു എന്നിവസംബന്ധിച്ച് വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം, ലഭ്യമായില്ല

3	പ്രോ നം 255/24 വാർഡ് നം 22 ലെഅമ്പനാട്ടു കുളം നവീകരണം അമ്പനാട്ടു കുളം 3000000/-രൂപ (നഗരസഞ്ചയ ഫണ്ട്)	തുക 2250000/-രൂപ വൗച്ചർ നം .22301285/ 20-2-23 തീരദേശവികസന കോർപ്പറേഷൻ കൊല്ലം	2250000/-	വിശദമായ പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല.
		ആകെ	32,50,000/-	

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച 32,50,000/-രൂപ തടസ്സപ്പെടുത്തുന്നു. പ്രവർത്തിപൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

എൻകയറി നം- 3/26-11-24
തടസ്സപ്പെടുത്തുന്ന തുക – 32,50,000/-രൂപ

1-22 പള്ളിക്കലാർ വട്ടക്കായൽ നവീകരണം-പദ്ധതിയിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്റ്റ് നം	പ്രോ നം.62/24, പള്ളിക്കലാർ വട്ടക്കായൽ നവീകരണം പ്രോ നം.192/24, പള്ളിക്കലാർ വട്ടക്കായൽ നവീകരണം
അടങ്കൽ തുക	1)-26,78,500/-രൂപ(ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ചെലവഴിച്ച തുക	1. 24,10,650/- 2023-24,Vr.No.22301994/27-3-24 (2,67,850/- 2024-25) 2. 10,00,000/-(2024-25)

വട്ടക്കായൽ പള്ളിക്കലാർ നവീകരിച്ച് പായൽ വാരി വൃത്തിയാക്കുന്ന പ്രവൃത്തി മൈനർ ഇറിഗേഷൻ വകുപ്പു വഴി നടപ്പിലാക്കുന്നതായിരുന്നു പദ്ധതി.

പള്ളിക്കലാറിന്റെ ചാമ്പക്കടവു പാലം മുതൽ കോവിൽത്തോട്ടം സ്കൂൾ വരെയുള്ള പന്മന പഞ്ചായത്തിലുൾപ്പെട്ട പ്രദേശത്തെ കുളവാഴ നീക്കം ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് പ്രകാരമാണ് തുക ഒടുക്കു വരുത്തിയിട്ടുള്ളത്. പഞ്ചായത്തിലെ അതിർത്തി വാർഡുകളായ 1, 2, 3, 4, 17, 19, 21,

22, 23 എന്നീ വാർഡുകളുടെ അതിർത്തിയിലൂടെ കടന്നു പോകുന്ന വട്ടക്കായൽ പള്ളിക്കലാറിന്റെ 205810 Sq.M Area യിലെ കുളവാഴ നീക്കം ചെയ്യുന്നതിനാണ്(@11.62/Sq.M And 12%GST)62/24 എന്ന പദ്ധതി വഴി 2678500/-രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്(2410650/- 2023-24, 267850/- 2024-25).

192/24 എന്ന പദ്ധതിയിലും മേൽസൂചിപ്പിച്ച വാർഡുകളിലെ 76837.Sq.M Area യിലെ കുളവാഴ നീക്കം ചെയ്യുന്നതിനാണ്(@11.62/Sq.M And 12%GST) 10,00,000/-രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്(സ്പിൽ ഓവറായി 2024-25). മേൽ പദ്ധതികൾക്കായി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പദ്ധതി നിലവിലും നടന്നിട്ടില്ല.

പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥലപരിശോധനയിൽ (കുളവാഴ മൂടിക്കിടക്കുന്ന കായൽ പ്രദേശം) തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് ആധാരമാക്കിയ പ്രദേശത്തെ സംബന്ധിച്ച് അവ്യക്തതയുള്ളതിനാലും (കന്നിട്ടക്കടവു മുതലാണ് കുളവാഴ മൂടിക്കിടക്കുന്നതായി കണ്ടത്) വെള്ളത്തിന്റെ ഒഴുക്കിനനുസരിച്ച് കുളവാഴ ഒഴുകി നീങ്ങിപ്പോകുന്നതിനാൽ കുളവാഴ വാരിമാറ്റുന്നതിന് പ്രദേശം നിശ്ചയിച്ചത് എപ്രകാരമാണെന്നതിലും അവ്യക്തതയുണ്ട്.

പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും റവന്യു വകുപ്പിൽ നിന്നും പള്ളിക്കലാറിന്റെ അതിർത്തി പുനർ നിർണ്ണയിച്ചിട്ടുള്ളതിനാൽ പദ്ധതിക്ക് തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് ആധാരമാക്കിയ 282647 Sq.M (205810+76837)ഏര്യായെ സംബന്ധിച്ചും വിശദീകരണവും രേഖകളും ആവശ്യപ്പെട്ടു നൽകിയ എൻകയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ജലാശയത്തിന്റെ സ്വാഭാവിക ഘടനയെ ദോഷമായി ബാധിക്കുന്ന തരത്തിൽ പള്ളിക്കലാറിന്റെ ഉപരിതലത്തിൽ കുളവാഴ മൂടിക്കിടന്നതിനെ തുടർന്ന് പള്ളിക്കലാറിന്റെ തീരപ്രദേശത്തുള്ള തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികൾ കുളവാഴകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് താലൂക്ക് വികസനസമിതിയിൽ നിർദ്ദേശം ഉയരുകയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി അധികാരികളെ ചുമതലപ്പെടുത്തിയിരുന്നു എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പള്ളിക്കലാറിന്റെ തീരത്തുള്ള കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി, തൊടിയൂർ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾ

കുളവാഴ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി താലൂക്ക് വികസനസമിതിയിൽ അറിയിച്ചതായും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

ഹാജരാക്കിയ താലൂക്ക് വികസനസമിതി മിനിട്സുകൾ പരിശോധിച്ചതിൽ, "നഗരസഭാപരിധിയിലൂടെയും തൊടിയൂർ ഗ്രാമപഞ്ചായത്തിലൂടെയും കടന്നു പോകുന്ന പള്ളിക്കലാറിന്റെ ഭാഗങ്ങളിൽ പായൽ അടിഞ്ഞ് ബുദ്ധിമുട്ടുണ്ടാകുന്ന അവസരങ്ങളിൽ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതായി "ടി സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ അറിയിച്ചതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വെള്ളത്തിൽ പൊങ്ങിക്കിടക്കുകയും, ഒഴുക്കിനൊപ്പം പല സ്ഥലങ്ങളിലേക്ക് വ്യാപിക്കുന്നതും, വിത്തുകൾ മുഖേനയും വേരുകൾ, തണ്ട് എന്നിവ മുഖേനയെല്ലാം പുതിയ ചെടികളുൽപ്പാദിപ്പിക്കുവാനും, വളരെ വേഗത്തിൽ വളർന്ന് വ്യാപിക്കുവാനും കഴിവുള്ള കുളവാഴയെ ഒരു പഞ്ചായത്തിന്റെ പ്രദേശത്തുള്ള ജലാശയത്തിൽ മാത്രം നശിപ്പിക്കുന്നത് കുളവാഴ ശല്യം പൂർണ്ണമായും ഇല്ലാതാക്കുന്നതിന് പ്രായോഗികമല്ലാത്തതിനാലും പള്ളിക്കലാറിന്റെ പന്മന പഞ്ചായത്ത് പ്രദേശത്തെ കുളവാഴ നശിപ്പിച്ചാലും വീണ്ടും മറ്റ് തദ്ദേശസ്ഥാപനങ്ങളുടെ ഭാഗമായ പള്ളിക്കലാറിന്റെ ഭാഗങ്ങളിൽ നിന്നും കുളവാഴ ഒഴുകിവരുന്നതിനാലും വള്ളം, ബോട്ട് എന്നിവ വഴിയും പറ്റിപ്പിടിച്ചും വീണ്ടും വ്യാപിക്കുമെന്നതിനാലും മേൽ പദ്ധതി പുനപരിശോധിക്കേണ്ടതും പദ്ധതി നടത്തിപ്പിനെക്കുറിച്ച് കൂടുതൽ ശാസ്ത്രീയമായ പഠനം നടത്തേണ്ടതും, പള്ളിക്കലാറിന്റെ തീരപ്രദേശത്തുള്ള തദ്ദേശസ്ഥാപനങ്ങളെല്ലാം ചേർന്ന് സംയോജിത പദ്ധതിയായി ഒരേ സമയം നടപ്പാക്കുന്നതായിരിക്കും ഉചിതമെന്നും വിലയിരുത്തുന്നു. 36,75,000/-രൂപ മൈനർ ഇറിഗേഷൻ വകുപ്പിൽ നിക്ഷേപിച്ച് നടപ്പിലാക്കുന്ന മേൽ പദ്ധതിയിൽ തൻ വർഷം നിക്ഷേപിച്ച 24,10,650/-രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ സ്ഥലപരിശോധനാഫോട്ടോകൾ ചുവടെ ചേർക്കുന്നു.





എൻകമയറി നം- 3/26-11-24
തടസ്സപ്പെടുത്തുന്ന തുക- 24,10,650/-രൂപ

1-23 വാറന്റി പീരിഡിലുള്ള ഉപകരണം തകരാർ പരിഹരിക്കാതെ തിരിച്ചയച്ച സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിൽ 2018-19 കാലയളവിൽ 1,00,000/-രൂപ വിലയ്ക്ക് KM Technologies, Kottayam എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ 5 വർഷ OEM വാറന്റിയോടു കൂടിയ Kodak I3300 Scanner 30-05-22-ൽ തകരാറിലായതിനെ തുടർന്ന് പരിഹരിക്കുന്നതിനായി 04-08-22-ൽ KM Technologies കൊണ്ടു പോയെങ്കിലും തകരാർ പരിഹരിക്കാതെ 08-09-23-ൽ ശരിയാക്കാൻ സാധിക്കില്ലായെന്നറിയിച്ച് തിരികെ നല്കി. വാറന്റി പീരിഡിലുള്ള ടി സ്കാനർ തകരാർ പരിഹരിക്കാതെ തിരിച്ചയച്ച ടി സ്ഥാപനത്തിൽ നിന്നും നഷ്ടപരിഹാരം ഈടാക്കിയിട്ടുണ്ടെങ്കിൽ/തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്നറിയിച്ചു നല്കിയ എൻകമയറിക്കുള്ള മറുപടിയിൽ സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുള്ള വിവരം സ്ഥാപനത്തെ അറിയിച്ചപ്പോൾ സ്ഥാപന ഉടമകൾ നേരിട്ടെത്തി പുതിയ സ്കാനർ നല്കാമെന്ന് ഉറപ്പ് നൽകിയതിനാലാണ് തുടർ നടപടികൾ സ്വീകരിക്കാതിരുന്നതെന്നും നാളിതുവരെ സ്കാനർ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഉപഭോക്തൃകോടതിയെ സമീപിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് സ്കാനർ ലഭ്യമാക്കേണ്ടതും, രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-24 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്റ്റ് നം	മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (54/24)
അടങ്കൽ തുക	57,50,000/-രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ് 5181200/-രൂപ തനത് ഫണ്ട് 568800/-രൂപ)

ചെലവഴിച്ച തുക	3334040/-രൂപ (2938100+395940)

23 വാർഡുകളുള്ള പന്മന ഗ്രാമപഞ്ചായത്തിലെ 7 വാർഡുകളിൽ ഓരോ മിനിമാസ്റ്റുലൈറ്റും (@ 2,48,300/-/Unit) ശേഷിക്കുന്ന 16 വാർഡുകളിൽ നിലവിലുള്ള തെരുവുവിളക്കു പോസ്റ്റുകളിൽ ഓരോന്നിലും 100 വാട്ടിന്റെ 3 എൽ.ഇ.ഡി.ലൈറ്റ് ഫിറ്റ് ചെയ്ത് (ഒരു വാർഡിൽ 6 എണ്ണം വീതം) (39990/-/Unit) 16 വാർഡുകളിലായി 96 എണ്ണവും KEL, കുണ്ടറ എന്ന സ്ഥാപനം വഴി സ്ഥാപിക്കുന്നതായിരുന്നു പദ്ധതി. പദ്ധതി നടത്തിപ്പ് വിവരം ചുവടെ ചേർക്കുന്നു.

മേൽ പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിൽ 13, 15, 16, 17, 18, 19, 20 എന്നീ 7 വാർഡുകളിൽ 2,48,300/-രൂപ നിരക്കിൽ (8m ഒക്കൂഗണൽ പോളിൽ 150 വാട്ട്സിന്റെ 6 എൽ.ഇ.ഡി വീതം) 7 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും 17,38,100/-രൂപയും(7x248300) ശേഷിക്കുന്ന 16 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ നിലവിലുള്ള ഭാഗത്ത് നിലവിലുള്ള ഇലക്ട്രിക് പോസ്റ്റിൽ 100 വാട്ട്സിന്റെ 3 എൽ.ഇ.ഡി.ലൈറ്റ് വീതം(ഒരു പോസ്റ്റിൽ 3എണ്ണം വീതം) ഒരു വാർഡിൽ 6 ഇലക്ട്രിക് പോസ്റ്റിൽ (ആകെ 96 എണ്ണം) സ്ഥാപിക്കുന്നതിന് ഒരു യുണിറ്റിന് 39,990/-രൂപ വീതം(16x6x39990) 38,39,040/-രൂപയും ഉൾപ്പെടെ ആകെ 55,77,140/-രൂപ(2024-25 ലെ സ്പിൽഓവർ ഉൾപ്പെടെ) ചെലവഴിച്ചിട്ടുണ്ട്. മിനിമാസ്റ്റ് ലൈറ്റുകളും എൽ.ഇ.ഡി.ലൈറ്റുകളും സ്ഥാപിച്ചതായുള്ള വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിനോടൊപ്പം ഹാജരാക്കിയിട്ടുണ്ട്. 100 വാട്ട്സിന്റെ 3 എൽ.ഇ.ഡി.ലൈറ്റ് വീതം ഒരു വാർഡിൽ 6 ഇലക്ട്രിക് പോസ്റ്റിൽ 16 വാർഡുകളിലായി ആകെ 96 ലൈറ്റുകൾ നിലവിലുണ്ടായിരുന്ന തെരുവുവിളക്കുകളുടെ പോസ്റ്റുകളിൽ ടി വിളക്കുകൾ സ്ഥാപിച്ചിരുന്ന അതേ ഉയരത്തിലാണ് സ്ഥാപിച്ചിട്ടുള്ളത്.

ഗ്രാമ പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ സ്ഥാപിച്ച മിനിമാസ്റ്റ് ലൈറ്റുകളും എം.പി/ എം.എൽ.എ ഫണ്ടുകളിൽ നിന്നു സ്ഥാപിച്ച ഹൈമാസ്റ്റു ലൈറ്റുകളും, മിനിമാസ്റ്റ് ലൈറ്റുകളും, നിലാവു പദ്ധതിയിൽ സ്ഥാപിച്ച തെരുവുവിളക്കുകളും, 2022-ൽ രണ്ട് വർഷ വാറന്റിയോടു കൂടിയ 907 എണ്ണം 24W LED Street Light System Automatic Type, KMML ന്റെ പരിധിയിലുള്ള വാർഡുകളിൽ ടി സ്ഥാപനം സ്ഥാപിച്ച വിളക്കുകളും ഉണ്ടായിരിക്കെയാണ് ഒരു പോളിൽ 100 വാട്ട്സിന്റെ 3 എൽ.ഇ.ഡി.ലൈറ്റ് വീതം 96 ലൈറ്റുകളും 7 മിനിമാസ്റ്റ് ലൈറ്റുകളും

സ്ഥാപിച്ചിട്ടുള്ളത്. മേൽ പദ്ധതി നിർവ്വഹണം സംബന്ധിച്ചു നല്കിയ എൻകൗയറിക്കുള്ള മറുപടിയിൽ പന്മന ഗ്രാമപഞ്ചായത്തിന്റെ 23 വാർഡുകളിലും ഓരോ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായിരുന്നു പ്രോജക്ട് അംഗീകരിച്ചിരുന്നതെന്നും, എന്നാൽ ചവറ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ (പന്മന ഗ്രാമ പഞ്ചായത്തിലെ വാർഡുകളിൽ ഉൾപ്പെടെ) എം.എൽ.എ ഫണ്ടുപയോഗിച്ച് ഒരു ഇലക്ട്രിക് പോസ്റ്റിൽ 3 എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റുകൾ വീതം സ്ഥാപിച്ചിട്ടുള്ളത് വിജയകരമാണെന്ന ജനപ്രതിനിധികളുടെ നിർദ്ദേശപ്രകാരവും മിനിമാസ്റ്റ് ലൈറ്റ് ഒന്നു വീതം സ്ഥാപിക്കുമ്പോൾ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് ഒരു വാർഡിൽ 6 വീതം സ്ഥാപിക്കുന്നത് പൊതു ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകും എന്നതിനാലുമാണ് പദ്ധതി ഭേദഗതി ചെയ്തതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. മൂന്ന് ദിശയിലേക്കും വെളിച്ചം ലഭിക്കുന്ന രീതിയിലാണ് ഒരു ഇലക്ട്രിക് പോസ്റ്റിൽ 3 എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റുകൾ വീതം സ്ഥാപിച്ചിട്ടുള്ളതെന്നും, സ്ട്രീറ്റ് മെയിൻ നിലവിലുള്ള ലൈറ്റുകളിൽ ഉയരം കൂട്ടി ലൈറ്റുകൾ സ്ഥാപിച്ചാൽ ലൈനിൽ മുട്ടി അപകടമുണ്ടാകുമെന്നതിനാലാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ച അതേ ഉയരത്തിൽ ലൈറ്റുകൾ സ്ഥാപിച്ചതെന്നും മറുപടിയിൽ അറിയിച്ചു.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം മതിയായ തെരുവുവിളക്കുകൾ ഉണ്ടായിരിക്കെ 55,77,140/-രൂപ ചെലവഴിച്ച് വീണ്ടും ലൈറ്റുകൾ സ്ഥാപിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

(എൽ.ഇ.ഡി.ലൈറ്റുകൾ ഹൈമാസ്റ്റ് മിനിമാസ്റ്റ് എന്നിവ പുതുതായി സ്ഥാപിക്കുന്നതിനായി 2020-21 മുതൽ 2020-21 ൽ 5,52,000/-രൂപ, 2021-22ൽ 28,77,348/-രൂപ, 2022-23 ൽ 15,93,896/-രൂപ എന്നീ തുകകൾ ചെലവഴിച്ചിട്ടുണ്ട്)

2. മേൽ സൂചിപ്പിച്ച പ്രകാരം ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിക്കാതെ KEL, കുണ്ടറ എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തു പദ്ധതി നടപ്പിലാക്കിയിരിക്കുകയാണ്. ടെണ്ടർ നടപടികൾ നടത്താതെ KELനെ തെരഞ്ഞെടുത്തതിന്

വിശദീകരണവും KELൽ നിന്നും നേരിട്ട് സ്ഥാപിക്കാമെന്നത് സംബന്ധിച്ച സർക്കാർ ഉത്തരവും ഹാജരാക്കിയിട്ടില്ല.

3. മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ തെരഞ്ഞെടുത്തതിന് ശേഷം അതാത് സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ വേണം മാസ്റ്റിന്റെ ഉയരം, ബൾബുകളുടെ എണ്ണം, ബൾബുകളുടെ കപ്പാസിറ്റി മുതലായവ നിശ്ചയിക്കുവാനെന്നുള്ളതിനാൽ മേൽ പ്രകാരം ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങൾ, ടി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള കെ.എസ്.ഇ.ബിയിൽ നിന്നുള്ള നിരാക്ഷേപ പത്രം ഹാജരാക്കിയിട്ടില്ല.

4. 13, 15, 16, 17, 18, 19, 20 എന്നീ 7 വാർഡുകളിൽ 2,48,300/-രൂപ നിരക്കിൽ (8m ഒക്ടഗണൽ പോളിൽ 150 വാട്ട്സിന്റെ 6 എൽ.ഇ.ഡി വീതം) 7 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും 17,38,100/-രൂപ ചെലവഴിച്ചിട്ടുണ്ട്. മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് 2,48,300/-രൂപ വീതം ചെലവഴിക്കേണ്ടി വന്നതിന്റെയും ടി സ്പെസിഫിക്കേഷനുകളോടു കൂടിയവ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയും തുക നല്കിയതിന് ആധാരമാക്കിയ മെഷർമെന്റ് രേഖകളും ഹാജരാക്കിയിട്ടില്ല.

5. നിലവിൽ പ്രസ്തുത സ്ഥലങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന തെരുവുവിളക്കുകൾ റദ്ദാക്കിയതിന്റെ വിവരം ഹാജരാക്കിയിട്ടില്ല

6. 20 W എൽ.ഇ.ഡി.ബൾബുപയോഗിച്ചു കൊണ്ടിരുന്ന നിലവിലുള്ള തെരുവുവിളക്കു സ്ഥാപിച്ച ഉയരത്തിലാണ് 100 വാട്ടിന്റെ 3 എൽ.ഇ.ഡി ലൈറ്റുകൾ ഒരുമിച്ച് സ്ഥാപിച്ചിട്ടുള്ളത്. സ്ഥാപിച്ച ഉയരത്തിൽ വ്യത്യാസം ഇല്ലാത്തതിനാലും ലൈറ്റിന്റെ ഉയരം കുറയുന്നതിനനുസരിച്ച് പ്രകാശം ലഭിക്കുന്ന കവറേജ് ഏര്യാ കുറയുന്നതിനാൽ 100 വാട്ടിന്റെ 3 എൽ.ഇ.ഡി ലൈറ്റുകൾ ഒരുമിച്ച് സാധാരണ തെരുവു വിളക്കുകളിൽ സ്ഥാപിക്കുന്നതിന്റെ പ്രായോഗികത സംബന്ധിച്ചു നടത്തിയ സാങ്കേതിക പഠന റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല,

7. പ്രവൃത്തി പൂർത്തീകരിച്ച ശേഷം നിർവ്വഹണ ഏജൻസിക്ക് തുക നൽകുന്നതിനാധാരമാക്കിയ മെഷർമെന്റ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.





മേൽക്കാരണങ്ങളാൽ 5577140/- രൂപ ചെലവഴിച്ച് നടപ്പിലാക്കിയ മേൽ പദ്ധതയിൽ തൻവർഷം ചെലവഴിച്ച 3334040/- രൂപ തടസ്സപ്പെടുത്തുന്നു.

എൻകെയറി നം- 3/26-11-24
തടസ്സപ്പെടുത്തുന്ന തുക – 3334040/-രൂപ

1-25 പഞ്ചായത്തോഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട്- പഞ്ചായത്തോഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (3/24)

ചെലവഴിച്ച തുക-5,42,034/-രൂപ

മേൽ പദ്ധതിയിൽ 5 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും, 4 ലാപ്ടോപ്പുകളും, പ്രിന്ററുകളും വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ലാപ്ടോപ്പുകൾ ആർക്കും നൽകിയിട്ടില്ലെന്ന് കണ്ടതിനെ തുടർന്ന് അന്വേഷിച്ചതിൽ ആർക്കും നൽകിയിട്ടില്ലെന്നും ക്യാമ്പ് കളക്ഷന് ഉപയോഗിക്കുന്നു എന്നുമാണ് അറിയിച്ചിട്ടുള്ളത്. എല്ലാ സെക്ഷനുകൾക്കും പ്രോജക്ട് അസിസ്റ്റന്റ്, ടെക്നിക്കൽ അസിസ്റ്റന്റ്, കോൺട്രാക്റ്റ് സ്റ്റാഫ് എന്നിവർക്കുൾപ്പെടെ എല്ലാ ജീവനക്കാർക്കും ഡെസ്ക്ക്ടോപ്പും പ്രസിഡന്റിന് ലാപ്ടോപ്പും ഉണ്ടായിരിക്കെ ക്യാമ്പ് കളക്ഷൻ നടത്തുന്നതിന് വേണ്ടി മാത്രം 4 ലാപ്ടോപ്പുകൾ വാങ്ങിയതിന്റെ കാരണം വ്യക്തമാക്കണമെന്നറിയിച്ചു നല്കിയ എൻകെയറിക്ക്, പുതുതായി വാങ്ങിയ കമ്പ്യൂട്ടറുകളുടെയും, ലാപ്ടോപ്പുകളുടെയും ഉപയോഗം വ്യക്തമാക്കിക്കൊണ്ട് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആർക്കും വിതരണം ചെയ്യാതെ ലാപ്ടോപ്പുകൾ ഉപയോഗിക്കാൻ സാധിക്കാത്തതിനാൽ സെക്രട്ടറിയുടെ പേരിൽ സ്റ്റോക്ക് രജിസ്റ്ററിലെടുക്കേണ്ടതും, ക്യാമ്പ് കളക്ഷന്റെ ആവശ്യത്തിന് കൊണ്ടുപോകുന്ന ജീവനക്കാർക്ക് നല്കി ആവശ്യം കഴിയുമ്പോൾ സെക്രട്ടറിയുടെ സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കുന്ന രീതിയിൽ ക്രമീകരണം വരുത്തേണ്ടതുമാണ്. ഹാർഡ് വെയറുകൾ സംബന്ധിച്ച എല്ലാ വിവരങ്ങളും ഹാർഡ് വെയർ രജിസ്റ്റർ തയ്യാറാക്കി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. കൃത്യമായ ആവശ്യകത നിർണ്ണയിച്ചു മാത്രം ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

പഞ്ചായത്തോഫീസിലേക്ക് പുതിയ കമ്പ്യൂട്ടർ വാങ്ങുന്നതിനായി 2018-19 മുതലുള്ള കാലയളവിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

2018-19 -2,25,850/-രൂപ

2018-19(SO)-1,88,800/-രൂപ

2019-20- 2,00,645/-രൂപ

2021-22- 391083/-രൂപ

1-26 തെരുവു വിളക്കുപകരണങ്ങൾ വാങ്ങലും തെരുവു വിളക്ക് പരിപാലനം-മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നം	1. നം.7/24, തെരുവ് വിളക്കു മെയിന്റനൻസ്-ജീവനക്കാർക്ക് വേതനം 2. നം20/24, തെരുവു വിളക്ക് ഉപകരണങ്ങൾ വാങ്ങൽ.
അടങ്കൽ തുക	1. 500000/-രൂപ(തനത്ഫണ്ട്) 2. 1000000/-രൂപ(തനത്ഫണ്ട്)
ചെലവഴിച്ച തുക	1. പ്രോജക്ട് -(7/24) എ.സി.ആർ ബിൽ നം-112/25.07.23-135000/- 220/25.09.23-117975/- 396/21.12.23-77925/- 422/28.12.23-57225/- 524/01.03.24-65625/- 4,53,750/- 2. പ്രോജക്ട് നം-20/24 എ.സി.ആർ ബിൽ നം-724/27.03.24-363103/- 193/05.09.23-467375/- 830478/-രൂപ

2023-24 ൽ തെരുവു വിളക്കു പരിപാലനത്തിനായി ഉപകരണങ്ങൾ വാങ്ങുന്നതിന് 8,30,478/-രൂപ ചെലവഴിച്ചിട്ടുണ്ട്. പോളൊന്നിന് 75/-രൂപ നിരക്കിൽ തെരുവു വിളക്ക് മെയിന്റനൻസ് ജീവനക്കാർക്ക് വേതനം നൽകുന്നതിനായി 4,53,750/-രൂപയും നൽകിയിട്ടുണ്ട്. പദ്ധതി പരിശോധനാ വിവരം ചുവടെ ചേർക്കുന്നു.

1. ഒരു വർഷ വാറന്റിയോടു കൂടിയ 20 വാട്ട് എൽ.ഇ.ഡി.ബൾബുകളാണ് ഓരോ തവണയും വാങ്ങുന്നതെങ്കിലും (മുൻ വർഷങ്ങളിലുൾപ്പെടെ പ്രസ്തുത രീതിയിൽ) ഉപയോഗരഹിതമായ ബൾബുകൾ കരാറുകാരനിൽ നിന്നും തിരികെ കൈപ്പറ്റിയതിന്റെ രേഖകളോ ടി ബൾബുകൾ യഥാസമയം, പർച്ചേസ് നടത്തിയ സ്ഥാപനമായ KREWS ന് തിരികെ നല്കി ടി സ്ഥാപനവുമായുള്ള റീപ്ലേസ്മെന്റ് വാറന്റി പ്രയോജനപ്പെടുത്തി പുതിയവ വാങ്ങിയതിന്റെ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓരോ തവണയും പുതിയ ബൾബുകൾ വാങ്ങി കരാറുകാരന് നൽകുന്നതായാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. തൻവർഷം വാങ്ങിയ തെരുവു വിളക്കുപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

Retrofit Bulb 20 Watt	2000
Pendant Holder	1000
Aluminium Shade	600
2.5.Sq.Mm Alu.Wire(*)	10
20watt LED Tube	250

*തെരുവുവിളക്കു പരിപാലനത്തിന് 1.5.Sq.Mm Alu.Wireമതിയെന്നിരിക്കെ മൂന്നിരട്ടി വില നല്കി 2.5.Sq.Mm Alu.Wire വാങ്ങിയതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല.

2. തെരുവുവിളക്കു പരിപാലനത്തിന് തുക നൽകുന്നതിന് ആധാരമാക്കിയ തെരുവു വിളക്കു രജിസ്റ്റർ ഹാജരാക്കിയെങ്കിലും കെ.എസ്.ഇ.ബിയുമായുള്ള സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകൾ, പരാതി രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾസ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. 2022ൽ രണ്ട് വർഷ വാറന്റിയോടു കൂടിയ 907 എണ്ണം 24W LED Street Light System Automatic Type(24-8-22 ൽ 262, 05-03-22-ൽ 368, 14-3-22ൽ 277) സ്ഥാപിച്ചത് ഏതൊക്കെ പോസ്റ്റുകളിലാണെന്ന്

പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും, ഗ്രാമ പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിലുൾപ്പെടെ സ്ഥാപിച്ചതും വാറന്റി പീരിഡിലുള്ളതുമായ മിനിമാസ്റ്റ് ലൈറ്റുകളും എം.പി/എം.എൽ.എ ഫണ്ടുകളിൽ നിന്നു സ്ഥാപിച്ച ഹൈമാസ്റ്റു ലൈറ്റുകളും, മിനിമാസ്റ്റ് ലൈറ്റുകളും, നിലാവു പദ്ധതിയിൽ സ്ഥാപിച്ച തെരുവുവിളക്കുകളും KMML ന്റെ പരിധിയിലുള്ള 7 വാർഡുകളിൽ ടി സ്ഥാപനം സ്ഥാപിച്ച വിളക്കുകളും ഉള്ളതിനാൽ ഏതൊക്കെ പോസ്റ്റുകളിലാണ് പരിപാലനം നടത്തിയിട്ടുള്ളത് എന്നതിലും ഉപകരണങ്ങൾ വാങ്ങുന്നതിന്റെ ആവശ്യകത നിശ്ചയിച്ചതിലും വ്യക്തതയില്ല.

മേൽ വിഷയങ്ങൾ സൂചിപ്പിച്ചു നല്കിയ എൻകപയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വാറന്റി പീരിയഡിലുള്ള ഉപയോഗ ശൂന്യമായ ബൾബുകൾ മാറ്റി നല്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് കത്തു നല്കിയിട്ടുണ്ടെന്നും രണ്ട് വർഷ വാറന്റിയോടു കൂടിയ 907എണ്ണം 24W LED സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തന രഹിതമായത് നിർവ്വഹണഏജൻസി മുഖേന മെയിന്റനൻസ് നടത്തി പ്രവർത്തന ക്ഷമമാക്കിയെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ തെരുവു വിളക്കുകളുടെ കൃത്യമായ എണ്ണം, വാങ്ങിയ ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയം എന്നിവയിൽ അവ്യക്തത ഉള്ളതിനാൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച 12,84,228/-രൂപ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻകപയറി 3/26-11-24

തടസ്സപ്പെടുത്തുന്ന തുക-12,84,228/-രൂപ

1-27 വായന ശാലകൾക്ക് പത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള തുക നൽകൽ പദ്ധതി നടത്തിപ്പിലെ അപാകത

പ്രോജക്ട്-വായനശാലകൾക്ക് പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ വാങ്ങൽ (5/24)
നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി
അടങ്കൽ തുക-1,00,000/-രൂപ (തനതു ഫണ്ട്)
ചെലവ് തുക-85,103/-രൂപ

വായനശാലകൾക്ക് പത്രങ്ങൾ വാങ്ങുന്നതിന് ചെലവായ തുക മേൽ പ്രോജക്ട് പ്രകാരം അനുവദിച്ചിട്ടുണ്ട്. വായനശാലകൾക്ക് പത്രങ്ങൾക്ക് തുക അനുവദിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവിൽ (സ.ഉ.(സാധാ) നം. 1040/23 എൽ.എസ്.ജി.ഡി, തീയതി 15.05.2023) ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്ക് അവയുടെ ഗ്രേഡിനനുസരിച്ച് അനുവദനീയമായ എണ്ണം പത്രങ്ങൾ വാങ്ങുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ മേൽ പദ്ധതിയിൽ ലൈബ്രറിയുടെ അംഗീകാരം സംബന്ധിച്ച സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ സാക്ഷ്യപത്രം, ഗ്രേഡ് സംബന്ധിച്ച സാക്ഷ്യപത്രം എന്നിവ ഹാജരാക്കാതെ തുക അനുവദിച്ചിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ ലൈബ്രറികളുടെ അംഗീകാരം, ഗ്രേഡ് എന്നിവ ഉറപ്പുവരുത്തേണ്ടതും, രേഖകൾ ഫയലിനോടൊപ്പം ഉൾപ്പെടുത്തേണ്ടതുമാണ്. സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ടുള്ളത് 15.05.2023 ൽ ആയതിനാൽ, ടി തീയതിക്ക് ശേഷമുള്ള മാസങ്ങളിലെ തുകകൾ സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കേണ്ടതുമാണ്.

1-28 റീടാറിംഗിന് കരാറിലേർപ്പെട്ട റോഡ് പൂർണ്ണമായി പുതുക്കി നിർമ്മിച്ചു.

നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നം	165/24(SO Of 195/23) പറമ്പി മുക്ക് -വടക്കുംതല പള്ളിമുക്ക് റോഡ് റീടാറിംഗ് വാർഡ് 5
അടങ്കൽ തുക	830000/-രൂപ, (515000/-രൂപ തനത്ഫണ്ട് , 315000/-രൂപ, മെയിന്റനൻസ് ഗ്രാന്റ് റോഡ്)
ചെലവഴിച്ച തുക	515000/-രൂപ, ചെക്ക് നം.1218/30-03-24

640 M നീളമുള്ള പറമ്പി മുക്ക് -വടക്കുംതല പള്ളിമുക്ക് റോഡിന്റെ പൂർണ്ണമായി തകർന്ന മൂന്ന് സ്ഥലങ്ങളിലായി 58m നീളത്തിൽ ഇളക്കി മെറ്റൽ ചെയ്ത് റോഡ് ടാർ ചെയ്യുന്നതിനും, ശേഷിക്കുന്ന 582m ഭാഗത്തെ റോഡിലെ 173 Pot Hole ഫില്ല് ചെയ്യുന്നതിനും റോഡ് റീടാറിംഗ് ചെയ്യുന്നതിനുമായിരുന്നു 830000/-രൂപയുടെ എസ്റ്റിമേറ്റ്(തനത് ഫണ്ട് 515000റോഡ് മെയിന്റനൻസ് ഫണ്ട്-315000/-) തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കിയിരുന്നതു പ്രകാരം

ടെണ്ടർ നടത്തി 15-10-23-ൽ കരാറിലേർപ്പെടുകയും, എന്നാൽ ജലനിധിയിൽ നിന്നുള്ള പൈപ്പ് ലൈനിനു വേണ്ടി സൈഡ് കുഴിച്ചതിനാൽ റോഡ് പൂർണ്ണമായി തകർന്നു എന്നും, 640m ലും പുതിയ റോഡ് നിർമ്മിക്കുന്നിനും ജലനിധിയിൽ കുഴിച്ച ഭാഗം കോൺക്രീറ്റ് ചെയ്യുന്നതിനുമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. ടി പദ്ധതിയിൽ വകയിരുത്തിയ തുകയ്ക്ക് 301 M നീളത്തിൽ റോഡ് പുനർ നിർമ്മിച്ചതായും ശേഷിക്കുന്നഭാഗം നിർമ്മിക്കുന്നതിനായി മറ്റൊരു പ്രോജക്ട് തയ്യാറാക്കി തുക വകയിരുത്തിയിട്ടുണ്ടെന്നുമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 2023-24 സുലേഖസ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ മെയിന്റനൻസ് ഗ്രാന്റ് റോഡ് ആണ് ടി നിർമ്മാണത്തിന് വകയിരുത്തിയിട്ടുള്ളതെന്നു കണ്ടു. (പ്രോനം.109/24) അടങ്കൽ തുക 1050000/-രൂപ, 2023-24-ൽ ചെലവില്ല). 640m നീളമുള്ള റോഡിന്റെ പ്രവൃത്തിക്കായി രണ്ട് പദ്ധതികളാണ് ഒരു സാമ്പത്തിക വർഷം അംഗീകരിച്ചിട്ടുള്ളത്.

ആദ്യ എസ്റ്റിമേറ്റ് പ്രകാരം 58m ഭാഗം മാത്രം പുതിയ റോഡ് നിർമ്മിക്കേണ്ടതും, പോട്ട് ഹോൾഫില്ലിംഗും റീടാറിംഗും നടത്തേണ്ട സാഹചര്യത്തിലാണ് ജലനിധിയുടെ പൈപ്പ് ലൈൻ വർക്ക് മൂലം 640mറോഡും പുതിയതായി നിർമ്മിക്കേണ്ടി വന്നത്. 8,30,000/-രൂപയ്ക്ക് 640m നീളത്തിലും റീടാറിംഗ് പൂർത്തീകരിച്ച റോഡ് ഗതാഗത യോഗ്യമാക്കാമെന്നിരിക്കെ മേൽ പ്രവൃത്തി മൂലം 301m മാത്രം പൂർത്തീകരിക്കാനും(നിർമ്മാണം) ശേഷിക്കുന്ന 339m-ന് വേണ്ടി 10,50,000/-രൂപ വകയിരുത്തി 2024-25-ൽ ചെലവഴിക്കേണ്ടിയും വന്നു. ജലനിധിയുടെ പൈപ്പ് ലൈൻ വർക്ക് മൂലം റോഡ് തകർന്നതിനാലും പൈപ്പ് ലൈനിന് വേണ്ടി കുഴിച്ച സ്ഥലം കൂടി ആദ്യപദ്ധതി വഴി കോൺക്രീറ് ചെയ്തിട്ടുള്ളതിനാലും 640m നീളത്തിൽ റോഡ് നിർമ്മിക്കുന്നതിന് അധികമായി ചെലവഴിക്കേണ്ടി വന്ന തുക ജലനിധിയിൽ നിന്ന് ഈടാക്കിയതിനു ശേഷമാണോ തുക വകയിരുത്തിയതെന്ന വിവരവും എത്ര മീറ്റർ നീളത്തിലാണ് ജലനിധി പദ്ധതിക്ക് വേണ്ടി റോഡ്സൈഡ് കുഴിച്ചതെന്ന വിവരവും അന്വേഷിച്ചു കൊണ്ട് നല്കിയ എൻകപയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സാങ്കേതികാനുമതി ലഭ്യമായതിനുശേഷം ടി റോഡിന്റെ ആകെ നീളത്തിൽ ഒരുവശം ടാർഭാഗം വെട്ടി കുഴിച്ചതിനാൽ റോഡ് പൂർണ്ണമായും കേട്പാട് സംഭവിച്ചിരുന്നു എന്നും,

നിലവിലെ എസ്റ്റിമേറ്റ് പ്രകാരം റീടാർ ചെയ്താൽ നിലനിൽക്കില്ലെന്ന് ബോധ്യപ്പെട്ടതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കിയെന്നാണ് അറിയിച്ചിട്ടുള്ളത്. 2024-25-ലെ പദ്ധതി വഴി ശേഷിക്കുന്ന റോഡിന്റെ പ്രവൃത്തി പൂർണ്ണമാക്കിയെന്നും (2023-24ലെ 109/24 ന്റെ സ്പിൽ ഓവർ) റോഡിന്റെ നിലവിലെ സ്ഥിതി പ്രകാരം ആവശ്യമായ മിനിമം മെറ്റലിംഗ് നടത്തിയാണ് റോഡ് ചെയ്തിട്ടുള്ളതെന്നും പുതിയ നിർമ്മിതി അല്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ്, എം.ബുക്ക്, വർക്ക് ബിൽ എന്നിവ പ്രകാരം പുതിയ നിർമ്മാണത്തിനുള്ള ഇനങ്ങൾക്കുള്ള തുകകളാണ് നല്കിയതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കി സംരക്ഷിക്കുന്നതിന് നല്കുന്ന റോഡ് മെയിന്റനൻസ് ഫണ്ട് റോഡ് നിർമ്മാണത്തിന് വകയിരുത്തിയതിന് (1050000/-രൂപ)വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 165/24 പ്രകാരം 5,15,000/-രൂപ തനത് ഫണ്ടിൽ നിന്നും 2023-24-ൽ നല്കിയിട്ടുണ്ട്. ബിൽ പ്രകാരം ശേഷിച്ച 3,15,000/-രൂപ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. അറ്റകുറ്റപ്പണികൾക്ക് വകയിരുത്തിയ തുക നിർമ്മാണത്തിന് നല്കിയതിനും വിശദീകരണം ലഭ്യമാക്കണമെന്നറിയിച്ചതിന് പുതിയ നിർമ്മാണം അല്ല എന്ന മറുപടി ആണ് നല്കിയിട്ടുള്ളത്. മെയിന്റനൻസ് ഫണ്ട് റോഡിന്റെ വിനിയോഗം സംബന്ധിച്ച രേഖകൾ പാലിച്ചു മാത്രം തുടർ വർഷങ്ങളിൽ പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

640m നീളത്തിൽ റോഡ് നിർമ്മിക്കുന്നതിന് അധികമായി ചെലവഴിക്കേണ്ടി വന്ന തുക ജലനിധിയിൽ നിന്ന് ഈടാക്കിയതിനു ശേഷമാണോ എന്നതിന് റോഡ് റീസ്റ്റോറേഷൻ ചാർജ് ലഭിക്കുന്നതിനായി തുക കണക്കാക്കി കേരളവാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും ഭരണസമിതിക്കും നല്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. 652 M നീളത്തിൽ ടാർ റോഡ് കട്ട് ചെയ്തതിന് 22,77,317.99/-രൂപ ലഭ്യമാക്കുന്നതിന് റിക്വസ്റ്റ് നല്കിയതിന്റെ പകർപ്പാണ് മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുള്ളത്. ടി തുക ലഭ്യമാക്കി പഞ്ചായത്തിൽ ഒടുക്കു വരുത്തി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എൻകവയറി നം 8/28-11-24

1-29 അസി.എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ

1. പ്രോജക്ട് നം-170/24, ചെങ്കള്ളിമുക്ക് -ത്രീകിങ്ങ്സ് ചർച്ച് റോഡ് കോണ്ക്രീറ്റിംഗ് വാർഡ് 23 (SO 170/24)

അടങ്കൽ തുക-10,00,000/-രൂപ
ചെലവഴിച്ച തുക- 8,06,302/-രൂപ

ചെങ്കള്ളിമുക്ക് -ത്രീകിങ്ങ്സ് ചർച്ച് റോഡ്, റീടാറിംഗ് ചെയ്യുന്നതിനായിരുന്നു 2021-22ൽ പ്രോജക്ട് അംഗീകരിച്ചിരുന്നത്. (113/22 ചെങ്കള്ളിമുക്ക് -ത്രീകിങ്ങ്സ് ചർച്ച് റോഡ് റീടാറിംഗ് അടങ്കൽ 3,35,000/-രൂപ) 113/22ന്റെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ 95 M നീളത്തിൽ ടാർ പ്രതലം നശിച്ചതിനാൽ ടിസ്ഥലത്ത് റോഡ് പുനർനിർമ്മി ക്കുന്നതിനും, 180 M(95mഉൾപ്പെടെ) നീളത്തിൽ റീടാറിംഗിനും,98m നീളത്തിൽ സൈഡ് കോൺക്രീറ്റിങ്ങിനുമായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ 2022-23-ൽ 178m നീളത്തിലും റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനും, 96.5m നീളത്തിൽ ഐറിഷ് ഡ്രെയിൻ നിർമ്മിക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി 8,06,302/-രൂപ 2023-24-ൽ ചെലവഴിച്ചിരിക്കുകയാണ്. റീ-ടാറിംഗ് ചെയ്ത് ഗതാഗത യോഗ്യമാക്കാമായിരുന്ന റോഡ് പൂർണ്ണമായി കോൺക്രീറ്റ് ചെയ്തതിന്റെ കാരണവും കോൺക്രീറ്റിങ്ങിന്റെ എസ്റ്റിമേറ്റിൽ നിലവിലുള്ള ടാർ റോഡ് Scarify ചെയ്യുന്നതിനുള്ള ഇനങ്ങൾ ഉൾപ്പെടുത്താഞ്ഞതിന്റെ കാരണവും അന്വേഷിച്ചു നല്കിയ എൻകയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2021-22-ലെ എസ്റ്റിമേറ്റ് പ്രകാരം ടെണ്ടർ, റീടെണ്ടർ, കവട്ടേഷൻ എന്നിവ നടത്തിയെങ്കിലും ആരും പങ്കെടുത്തില്ലെന്നും തുടർന്ന് 2022-23ൽ പുതിയ പദ്ധതിയായാണ് നടപ്പാക്കിയതെന്നും, ടി സമയത്ത് റോഡ് പൂർണ്ണമായി തകർന്ന് ടാർ സർഫസ് കാണാനില്ലാതെ മെറ്റൽ മാത്രമുള്ള അവസ്ഥയിലായിരുന്നുവെന്നും, കായലിനോട് ചേർന്നു കിടക്കുന്ന സ്ഥലമായതിനാൽ ഈ റോഡ് 10സെന്റീമീറ്റർ കനത്തിൽ കവാറിമക്ക് വിരിച്ച് ലെവൽ ചെയ്തശേഷം 15 Cm കനത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിനും വശങ്ങളിൽ ഐറിഷ് ഡ്രെയിൻ ചെയ്യുന്ന രീതിയിലുമാണ് പ്രവൃത്തി നടപ്പിലാക്കിയതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

3,35,000/-രൂപ എസ്റ്റിമേറ്റിലുള്ള പ്രവൃത്തിയാണ് യഥാസമയം റീടാറിംഗ് നടക്കാഞ്ഞതുമൂലവും റീടാറിംഗിന് മൂലം 8,06,302/-രൂപ ചെലവിൽ കോൺക്രീറ്റിംഗ് നടത്തേണ്ടിവന്നത്. തുടർ വർഷങ്ങളിലെ പ്രവൃത്തികളിൽ മേൽ അപാകതകൾ ആവർത്തിച്ച് ധനനഷ്ടം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

എൻകൃയറി നം 19/30-11-24

2.പ്രോ.നം 104/24-മലമേൽ പുരയിടം റോഡ് കോൺക്രീറ്റ് വാർഡ് 4.

അടങ്കൽ തുക-7,50,000/-രൂപ
ചെലവഴിച്ച തുക -5,73,383/-രൂപ

മേൽ പദ്ധതിയുടെ ഫയൽ പരിശോധനയിൽ, സൈറ്റ് പ്ലാനിൽ, നിലവിൽ നിർമ്മിച്ച റോഡ് മലമേൽ തോടിൽ അവസാനിക്കുന്നതായി കണ്ടതിനെ തുടർന്ന് സ്ഥലപരിശോധന നടത്തുകയുണ്ടായി. സ്ഥലപരിശോധനയിലും റോഡ് തോടിന്റെ സൈഡിൽ അവസാനിക്കുന്നതായും കണക്ടിവിറ്റിക്കുള്ള സാധ്യതയില്ലെന്നും കണ്ടു.(തോടിന്റെ മറു സൈഡിൽ ഓട്ടോറിക്ഷ പോകുന്ന വീതിയിലുള്ള ഇന്റർ ലോക്ക് റോഡ്). മേൽ പ്രകാരം നിർമ്മാണം നടത്തിയതിന്റെ കാരണം അന്വേഷിച്ചു നല്കിയ എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തോട് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ടതാണെന്നും തോടിന്റെ പ്രവത്തികൾ നടക്കുകയാണെന്നും കലുങ്ക് പ്രൊപ്പോസ് ചെയ്തിട്ടുണ്ടെന്ന് വാർഡ് മെമ്പർ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് റോഡ് നിർമ്മിച്ചതെന്നുമാണ് അറിയിച്ചിട്ടുള്ളത്. നിർമ്മാണത്തിലെ എല്ലാഘടകങ്ങളും ഉൾപ്പെടുത്തി പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നതിനും, ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനുംശ്രദ്ധിക്കേണ്ടതാണ്. മലമേൽ പുരയിടം റോഡിന്റെ കണക്ടിവിറ്റി ഉറപ്പുവരുത്തുന്നതിന് വികസനകാര്യ സ്ഥിരം സമിതിയുടെയും, പഞ്ചായത്ത് ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

റോഡിന്റെ ഫോട്ടോകൾ ചുവടെ ചേർക്കുന്നു.




എൻകപയറി നം 19/30-11-24

1-30 വീട് വാസയോഗ്യമാക്കൽ മൂല്യനിർണ്ണയ സാക്ഷ്യപത്ര പ്രകാരം അനുവദനീയമായതിലും കൂടുതൽ തുക നൽകി.

പ്രോജക്ട് -വീട് വാസയോഗ്യമാക്കൽ (5/24)
നിർവ്വഹണ ഉദ്യോഗസ്ഥൻ-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ തുക-57,50,000/-രൂപ(വികസന ഫണ്ട് -3359200/-രൂപ, തനത് ഫണ്ട്-2360800/-രൂപ)
ചെലവ്-1532143/-രൂപ (വികസന ഫണ്ട് -539264/-രൂപ, തനത് ഫണ്ട്-992579/-രൂപ)
ടി പ്രോജക്ടിലെ താഴെ കൊടുത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് മൂല്യനിർണ്ണയ സാക്ഷ്യപത്ര പ്രകാരം അനുവദനീയമായതിലും കൂടുതൽ തുക നൽകി.

ഗുണഭോക്താവിന്റെ പേര്	മൂല്യനിർണ്ണയ പത്രിക പ്രകാരം നൽകേണ്ട തുക(രൂപ)	നൽകിയ തുക(രൂപ)	ബിൽ നമ്പർ	അധികം നൽകിയ തുക(രൂപ)

ബാബു	70,693/-	75,000/-	23030752097900803977	4,307/-
സന്ധ്യ. എൽ	53,712/-	75,000/-	23030752097901129669—35000 23030752097901534711--40000	21,288/-
			ആകെ	**25,595/-**

തുക അധികം നൽകിയതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻകപയറിക്ക് മറുപടിയായി തുക തിരികെ അടയ്ക്കുന്നതാണെന്ന് അറിയിച്ചു. ഈയിനത്തിൽ അധികം ചെലവഴിച്ച 25,595/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകപയറി നമ്പർ- 15/30-11-24

നിരാകരിച്ച തുക- 25595/-രൂപ

1-31 എള്ള് കൃഷിക്ക് സബ്സിഡി- പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും അധികമായി സബ്സിഡി നൽകി

പ്രോജക്ട്-എള്ളുകൃഷിക്ക് സബ്സിഡി(11/24)
നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ
അടങ്കൽ തുക- 45000/-(വികസന ഫണ്ട്)
ചെലവ്-7500/-(എ,സി.ആർ ബിൽ നം.642/24.03.24)
പതിനാലാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(എം.എസ്.) 115/2022 ത.സ്വ.ഭ.വ. തീയതി 28.05.2022 പ്രകാരം ഒരു ഹെക്ടർ സ്ഥലത്തെ എള്ള് കൃഷിക്ക് പരമാവധി 15,000/-രൂപ നിരക്കിൽ സബ്സിഡിക്ക് അർഹത ഉണ്ട്. എന്നാൽ ശ്രീമതി ഹുസൈബ എന്ന കർഷകയ്ക്ക് ഈ നിരക്കിനേക്കാൾ അധികമായി തുക നൽകി. ടി വ്യക്തി ആകെ 9 ആർ 69 ച. മീ, 6 ആർ 38 ച. മീ. സ്ഥലത്ത് (ആകെ 16.07ആർ) കൃഷി ചെയ്തതിന് അനുവദനീയമായ തുക 2400/-രൂപയാണ്. എന്നാൽ പദ്ധതി പ്രകാരം ഈ വ്യക്തിക്ക് ആകെ 3600/-രൂപ അനുവദിച്ചു. അധികമായി അനുവദിച്ച 1200/-രൂപ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

നിരാകരിച്ച തുക – 1200/- രൂപ
ഓഡിറ്റ് എൻകൗയറി – 14/30.11.2024

1-32 അധികം സബ്സിഡി അനുവദിച്ചു

പ്രോജക്ട്-പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും (6/24)
നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ
അടങ്കൽ തുക-18,49,000/-രൂപ (വികസന ഫണ്ട്-1419000+ഗുണഭോക്തൃ വിഹിതം-430000/-രൂപ)
ചെലവ്- 18,49,000/-രൂപ (വികസന ഫണ്ട് -1419000/-രൂപ)
എ,സി.ആർ ബിൽ നം.406/26.12.23 മുതൽ 412/26.12.23 വരെ 6,60,000/-രൂപ,
എ,സി.ആർ ബിൽ നം.625/24.03.24 മുതൽ 635/24.03.24 വരെ 759000/-രൂപ)
ഗുണഭോക്തൃ വിഹിതം-4,30,000/-രൂപ
പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പോട്ടിംഗ് മിശ്രിതം നിറച്ച 12 ചട്ടികൾ (തൈ ഉൾപ്പെടെ) അടങ്ങുന്ന ഒരു യൂണിറ്റിന് 2150/-രൂപ പ്രകാരം 860 യൂണിറ്റ് KAICO എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയും, സ്ഥാപനത്തിന് വികസന ഫണ്ട്-1419000/-രൂപയും, ഗുണഭോക്തൃ വിഹിതം-4,30,000/-രൂപയും ഉൾപ്പെടെ 18,49,000/-രൂപ നൽകുകയും ചെയ്തു. 14-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.കൈ.നം.115/2022, തസ്വഭവ തീയതി 28.05.2022, ഖണ്ഡിക 6.15 പ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച്, പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും നടത്തുന്നതിന് നൽകാവുന്ന പരമാവധി സബ്സിഡി 75% ആണ്. ഇപ്രകാരം 1 യൂണിറ്റിന് അനുവദിക്കാവുന്ന സബ്സിഡി 1612.5രൂപയും, 860 യൂണിറ്റുകൾക്ക് ചെലവഴിക്കാവുന്ന ആകെ സബ്സിഡി തുക 860x1612.5—1386750/-രൂപയും ആണ്. സബ്സിഡി ഇനത്തിൽ കൂടുതലായി നൽകിയിട്ടുള്ള (1419000-1386750) 32250/-രൂപ നിരാകരിക്കുന്നു. ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് 30.11.2024 ൽ 14-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നിരാകരിച്ച തുക-32250/-രൂപ
ഓഡിറ്റ് എൻകൗയറി നം- 14/30.11.2024.

1-33 കൃഷി ഓഫീസർ നടപ്പാക്കിയ സ്പിൽ ഓവർ പ്രോജക്ടുകളിലെ അപാകതകൾ

2023-24 വർഷം കൃഷി ഓഫീസർ നടപ്പാക്കിയ താഴെപ്പറയുന്ന സ്പിൽ ഓവർ പദ്ധതികളുടെ പരിശോധനയിൽ കാണപ്പെട്ട അപാകതകൾ ചുവടെചേർക്കുന്നു.

1. പ്രോജക്ട് നം.202 (പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും)

അടങ്കൽ – 4,00,000/-രൂപ, (ഗുണഭോക്തൃ വിഹിതം)

മുൻ വർഷം വികസനഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ വിവരം ലഭ്യമാക്കിയില്ല. കൂടാതെ ഈ സാമ്പത്തിക വർഷം സുലേഖ ചെലവ് പത്രിക പ്രകാരം 3,66,000/-രൂപയുടെ ചെലവ് കാണിക്കുന്നുവെങ്കിലും ആയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

മുൻവർഷം ഗുണഭോക്തൃ വിഹിതം ഈടാക്കി പദ്ധതിയിൽ ചേർന്ന ഗുണഭോക്താക്കൾക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ട പദ്ധതിയിൽ ഈ വർഷം പുതുതായി 32 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ച് ആനുകൂല്യം അനുവദിച്ചു. ഇത് ക്രമപ്രകാരമല്ല. കൂടാതെ ഗുണഭോക്തൃ വിഹിതം ഇനത്തിൽ കുറവായാണ് തുക ഈടാക്കിയിട്ടുള്ളത്. തൻവർഷം ഈ ഇനത്തിലെ ചെലവ് രേഖകൾ ഹാജരാക്കേണ്ടതാണ്.

2. പ്രോജക്ട് നം.150 (കേടുവന്ന തെങ്ങുകൾ മുറിച്ചു മാറ്റി പകരം തെങ്ങിൻ തൈകൾ നൽകൽ)

അടങ്കൽ – 2,61,800/-രൂപ (വികസന ഫണ്ട് ജനറൽ- 228440/-രൂപ, ഗുണഭോക്തൃ വിഹിതം-32950/-രൂപ)

ചെലവ്- 1,43 725/-രൂപ (വികസന ഫണ്ട് ജനറൽ- 115575/-രൂപ, ഗുണഭോക്തൃ വിഹിതം-28150/-രൂപ)

ഈ പദ്ധതിയിലും പുതുതായി 16 ഗുണഭോക്താക്കളെ ചേർത്ത്, അവരിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ച് (16 പേരിൽ നിന്നും 25 തെങ്ങിൻ തൈകൾക്ക് 2000/-രൂപ) ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. പദ്ധതിയിൽ ഈ വർഷം KAICO എന്ന സ്ഥാപനത്തിന് 43,225/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ KAICOൽ നിന്നും തെങ്ങിൻ തൈകൾ വാങ്ങിയതിന്റെ ബില്ല് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ഈ തുക ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ഇതോടൊപ്പം മുൻവർഷത്തെ മുഴുവൻ ചെലവുകളും ഗുണഭോക്തൃ വിഹിതം ഇനത്തിലെ തുകയുടെ വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവു രേഖകൾ

ഹജരാക്കിയിട്ടില്ലാത്തതിനാൽ 2 പ്രോജക്ടുകൾക്കായി ചെലവഴിച്ചിട്ടുള്ള 409225/-രൂപ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക- 409225/-രൂപ (366000+43225)

ഓഡിറ്റ് എൻകൂയറി- 14/30.11.2024

<u>1-34 പള്ളിക്കലാർ അതിർത്തി നിർണ്ണയം-വ്യക്തമായ സർക്കാർ ഉത്തരവില്ലാതെ തുക അനുവദിച്ചു.</u>

ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA.141/2021 നമ്പർ കേസിലെ ഉത്തരവ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി താലൂക്ക് ഓഫീസിലെ ഭൂരേഖാ തഹസിൽദാർ നൽകിയ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിലൂടെ ഒഴുകുന്ന പള്ളിക്കലാറിന്റെ അതിർത്തി നിർണ്ണയിക്കുന്നതിന് കാടു വെട്ടി തെളിക്കുന്നതിനും, സർവ്വേ നടത്തിയവർക്ക് കൂലി നൽകുന്നതിനും തൻവർഷം തനത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20.06.2023 ലെ 3(1) നമ്പർ തീരുമാനം അനുസരിച്ചാണ് തുക അനുവദിച്ചത്. എന്നാൽ കമ്മിറ്റി തീരുമാനത്തിൽ അതിർത്തി പുനർനിർണ്ണയം നടത്തുന്നതിനായി പള്ളിക്കലാറിന്റെ തീരത്തെ പുല്ല് നീക്കം ചെയ്യുന്നതിനും, അതിർത്തിയിൽ കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ തുക തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകുന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ പദ്ധതിക്കായി സർവ്വേകല്ല് വാങ്ങിയതിനും, സർവ്വേ നടത്തിയതിന് കൂലി ഇനത്തിലും തുക അനുവദിച്ചിട്ടുണ്ട്. ഇത് കമ്മിറ്റി തീരുമാനത്തിൽ ഉൾപ്പെട്ടിട്ടില്ല.

കൂടാതെ ഈ പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച് വ്യക്തമായ സർക്കാർ ഉത്തരവോ നിർദ്ദേശമോ ഉള്ളതായി കാണുന്നില്ല. കൂടാതെ പള്ളിക്കലാർ കടന്നു പോകുന്ന സമീപത്തെ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവൃത്തി നടപ്പാക്കുന്നതിന് സഹകരിച്ചതായി ഫയലിൽ കാണുന്നില്ല. പ്രവൃത്തി പൂർത്തിയാക്കി റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും അറിയിപ്പോ സർവ്വേ റിപ്പോർട്ടോ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

പ്രസ്തുത പ്രവൃത്തിക്കായി തൻവർഷം അനുവദിച്ച ചെലവിന്റെ വിശദാംശം

ചുവടെകൊടുക്കുന്നു.
1. സർവ്വേകല്ല് (150 എണ്ണം) വാങ്ങിയതിന്റെ ചെലവ് – 22500/-രൂപ (ചെക്ക് നം. 1035/04.10.23)
2. സർവ്വേകല്ല് – വാഹന ചെലവ് –2320/-രൂപ (1015/26.09.2023)
3. കാടുവെട്ടിയതിന്റെയും സർവ്വേ നടത്തിയതിന്റെയും ചെലവ്-

ക്രമ നം.	ചെക്ക് നമ്പർ	തീയതി	തുക(രൂപ)
1	1236	01.11.2023	8868/-
2	1037	04.10.2023	24678/-
3	1203	12.10.2023	14460/-
4	1230	30.10.2023	21786/-
5	1302	07.11.2023	21594/-
6	3351	15.12.2023	26028/-
7	3379	28.12.2023	31812/-
8	3380	28.12.2023	8676/-
9	1021	29.09.2023	1350/-
		ആകെ	69,792/-

പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കായി നടത്തിയിട്ടുള്ള ചെലവുകളുടെ തുക റവന്യൂ വകുപ്പിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-35 ഹരിതകർമ്മസേന പ്രവർത്തനാവലോകനം

ഹരിതകർമ്മസേന പ്രവർത്തനാവലോകനം

അടിസ്ഥാനവിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ 23 വാർഡുകളിലായി 13896 കുടുംബങ്ങളും 1518 സ്ഥാപനങ്ങളുമുണ്ട്. ഗ്രാമപഞ്ചായത്തിൽ നിലവിൽ 46 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനയാണുള്ളത്.

മാലിന്യശേഖരണകാര്യക്ഷമത

എല്ലാ മാസവും 01 മുതൽ 10 വരെയുള്ള തീയതികളിൽ അജൈവ മാലിന്യങ്ങൾ ശേഖരിക്കാൻ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള കലണ്ടർ പ്രകാരം പ്രവർത്തനം നടത്തുന്നു. ക്യൂ.ആർ. കോഡ് പതിച്ച് 'ഹരിതമിത്രം' ആപ്പിൽ ഉൾപ്പെടുത്തിയതുവഴി 100% ഭവനങ്ങളും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. 80 % യൂസർഫീ ആണ് നിലവിൽ ലഭ്യമാകുന്നത്. ക്യൂ.ആർ. കോഡ് പതിച്ച് 'ഹരിതമിത്രം' ആപ്പിൽ നിലവിൽ ഉള്ള വീടുകളുടെയും സ്ഥാപനങ്ങളുടെയും എണ്ണത്തെക്കാൾ കൂടുതൽ ക്യൂ.ആർ. കോഡ് പതിച്ചിട്ടുണ്ട്. ഒരേ സ്ഥാപനത്തിന് തന്നെ വിവിധ ക്യൂ.ആർ. കോഡ് പതിച്ചിരിക്കുന്നതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ബിൽഡിംഗ് നമ്പർ പ്രകാരം ഉള്ള വീടിന്റെ വിവരങ്ങൾ അറിയാൻ കഴിയുന്നില്ല. വീട് വാടകയ്ക്ക് നൽകുമ്പോൾ ഉടമസ്ഥന്റെ പേരിൽ ഒരു ക്യൂ.ആർ. കോഡും വാടകയ്ക്ക് എടുക്കുന്ന ആളിന്റെ പേരിൽ മറ്റൊരു ക്യൂ.ആർ. കോഡും അടിച്ചു നൽകുന്ന രീതിയാണ് നിലവിലുള്ളത്.

മാലിന്യവേർതിരിവ് പാലിക്കൽ

ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫിൽ വെച്ച് വേർതിരിച്ച് ക്രമീകരിക്കുന്നു. തരംതിരിച്ച അജൈവ മാലിന്യങ്ങളും ലെഗസി മാലിന്യങ്ങളും "ക്ലീൻ കേരള "എന്ന സ്ഥാപനത്തിനാണ് കൈമാറുന്നത്.

റീസൈക്ലിംഗ്

മാലിന്യങ്ങളിൽ നിന്നും പുനരുപയോഗ സാധ്യതയുള്ളവ കണ്ടെത്തി
ഉപയുക്തമാക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിൽ ഇല്ല.

കമ്മ്യൂണിറ്റിഎൻഗേജ്മെന്റ്

കുടുംബശ്രീ, കില എന്നിവയുടെ ആഭിമുഖ്യത്തിൽ നിരവധി തവണ കാര്യശേഷി വികസന ബോധവൽക്കരണ ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. അജൈവമാലിന്യ ശേഖരണത്തിന്റെ ഡിജിറ്റൽ മോണിട്ടറിംഗ് ആപ്പ് ആയ ഹരിതമിത്രം ആപ്പ് സംബന്ധിച്ചും പരിശീലനം എല്ലാ ഹരിതകർമ്മസേനാംഗങ്ങൾക്കും നൽകിയിട്ടുണ്ട്.

തൊഴിൽസൃഷ്ടിക്കൽ

ഗ്രാമപഞ്ചായത്തിൽ നിലവിൽ 43 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന പ്രവർത്തിക്കുന്നു. യൂസർഫീ ഇനത്തിലും, അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൈമാറുന്നതിലൂടെയും ലഭ്യമാകുന്ന തുകകളാണ് ഹരിതകർമ്മസേനയുടെ വരുമാനം.

വരവു തുകകൾ നിക്ഷേപിക്കുന്നതിന് കൺസോർഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ ബാങ്ക് ഓഫ് ഇന്ത്യയുടെ പന്മന ശാഖയിൽ അക്കൗണ്ട് (847210110018324) ആരംഭിച്ചിട്ടുണ്ട്. നിക്ഷേപിക്കപ്പെടുന്ന തുകയിൽ 10% അക്കൗണ്ടിൽ നിലനിർത്തിയ ശേഷമുള്ള തുക പ്രതിമാസം, ഓരോ അംഗത്തിനും അയാളുടെ കളക്ഷന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് വഴി വിതരണം നടത്തുന്നു. പ്രതിമാസം ഹരിത കർമ്മസേനാംഗങ്ങൾക്ക് 10000/-രൂപ ശരാശരി വേതനമായി ലഭിക്കുന്നുണ്ട്. കൺസോർഷ്യം അക്കൗണ്ടിൽ ശേഷിക്കുന്ന തുകയുടെ ഒരു വിഹിതം എല്ലാവർഷവും ഓണത്തോടനുബന്ധിച്ച് ബോണസ് ഇനത്തിൽ, ഹരിതകർമ്മസേനാംഗങ്ങൾക്ക് വീതിച്ചു നൽകുന്നു. വയബലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വന്നിട്ടില്ല.

<u>അടിസ്ഥാനസൗകര്യവികസനം</u>

ഗ്രാമപഞ്ചായത്തിൽ ഒരു എം.സി.എഫും 23 മിനി എം.സി.എഫുകളുമാണ് ഉള്ളത്. മാലിന്യ നീക്കത്തിന് നിലവിൽ സ്വന്തമായി വാഹനം ഇല്ല. വാഹനം വാടകയ്ക്കടുത്ത് ഉപയോഗിക്കുന്നു. എംസിഎഫിൽ വേയിംഗ് മെഷീൻ ഉണ്ടെങ്കിലും, ബെയ്ലിംഗ് മെഷീൻ ഇല്ല.

<u>പാരിസ്ഥിതിക ആഘാതം- കൈക്കൊണ്ട നടപടികൾ</u>

നിലവിൽ സംവിധാനങ്ങൾ ഒന്നും തന്നെയില്ല,

<u>പരിശീലനവും വികസനവും</u>

ഹരിത സഹായ സ്ഥാപനമായ ഐ.ആർ.ടി.സി. യുടെ നേതൃത്വത്തിലും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ട പരിശീലനം നൽകിയിരുന്നു. നിലവിൽ ഐ.ആർ.ടി.സി. യുമായി കരാർ ഇല്ല.

<u>നിയമങ്ങൾപാലിക്കൽ</u>

മാലിന്യ സംസ്കരണനിയമങ്ങളും ഹരിതചട്ടങ്ങളും പാലിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വാർഡുകളിലും ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഗ്രാമസഭകളിലും പഞ്ചായത്ത് തലത്തിൽ ജനങ്ങൾ കൂടുന്ന എല്ലാ കൂട്ടായ്മകളിലും ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനെക്കുറിച്ചും, അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നതിനെക്കുറിച്ചും അവബോധം നൽകിയിട്ടുണ്ട്. കുട്ടികളുടെ ഹരിതസഭ

നടത്തുകയും, അതുവഴി കുട്ടികൾക്കിടയിൽ മാലിന്യ നിർമ്മാർജ്ജനത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

ഹരിത കർമ്മസേനാംഗങ്ങളുടെ പ്രവർത്തനം-ഹരിതകർമ്മസേന വരവ് – ചെലവ് : 2023-24

ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ്	കൈമാറിയ പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ്	പ്ലാസ്റ്റിക് വിൽപ്പന വരവ് (രൂപ)	യൂസർ ഫീ വരവ് (രൂപ)	ആകെ വരവ് (രൂപ)	ഹരിതകർമ്മ സേനാംഗങ്ങൾക്ക് നൽകിയ വേതനം (രൂപ)
65690kg	43,790/-	3,96,049.35/-	66,44,812/-	70,40,861/-	59,80,331/-

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) അടിസ്ഥാനവിവരങ്ങൾ

പഞ്ചായത്തിൽ ഒരു എം.സി.എഫും 23 മിനി എം.സി.എഫുകളും ഉണ്ട്. എം.സി.എഫിൽ സ്ഥലപരിമിതിയുള്ളതിനാൽ തൊട്ടടുത്തുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി തീരാത്ത കെട്ടിടത്തിൽ ഇരുന്നാണ് വേർതിരിക്കൽ നടത്തുന്നത്. ഹരിതകർമ്മസേനാംഗങ്ങൾക്ക് യൂണിഫോം, ഗ്ലൗസ്, തൊപ്പി, തിരിച്ചറിയൽ കാർഡ്, തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ പഞ്ചായത്ത് വാങ്ങി നൽകിയിട്ടുണ്ട്. വാർഡുകളിൽ നിന്നും പ്ലാസ്റ്റിക് എം.സി.എഫിലേക്ക് എത്തിക്കുന്നതിന് സ്വന്തമായി വാഹനം ഇല്ല. നിലവിൽ ഡ്രൈവറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകിയിട്ടുണ്ട്.

മാലിന്യകൈമാറ്റകാര്യക്ഷമത

വീടുകളിൽ നിന്നും സമയബന്ധിതമായി എല്ലാ മാസവും അജൈവ മാലിന്യങ്ങൾ സംഭരിക്കുന്നു. കലണ്ടർ പ്രകാരം മറ്റു വസ്തുക്കളും ശേഖരിക്കുന്നുണ്ട്. ശേഖരിക്കുന്ന മാലിന്യം പൂർണ്ണമായി മിനി എം.സി.എഫുകളിലേയ്ക്കും എം.സി.എഫിലേക്കും മാറ്റുന്നുണ്ട്. എന്നാൽ ക്ലീൻ കേരള കമ്പിനി കൃത്യമായി മാലിന്യം ഏറ്റെടുക്കുന്നില്ല.

മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്മാർട്ട് ഗാർബേജ് ആപ്പ്, ഹരിത കാർഡ് എന്നിവ നടപ്പിലാക്കി എല്ലാ ഭവനങ്ങളിൽ നിന്നും യൂസർഫീ കളക്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

1. എല്ലാ വീടുകളിലും സന്നദ്ധസംഘടനകളുടെ സഹായത്തോടെ ബോധവത്കരണ പരിപാടികൾ നടത്താവുന്നതാണ്.
2. ജൈവമാലിന്യങ്ങൾ വളമാക്കി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നടപ്പാക്കാവുന്നതാണ്.
3. പഞ്ചായത്ത് തലത്തിൽ പരാതി പരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.
4. പ്ലാസ്റ്റിക് കത്തിക്കുന്നതിന്റെ ദോഷഫലങ്ങളെക്കുറിച്ചും, അവയുടെ വിനിയോഗം കുറയ്ക്കുന്നതിന്റേയും, അവ ശാസ്ത്രീയമായി പുനരുപയോഗത്തിലൂടെ നിർമ്മാർജനം ചെയ്യേണ്ടതിന്റെയും ആവശ്യകതയെപ്പറ്റിയും പൊതുജനാവബോധം വളർത്തുന്നതിന് ആവശ്യമായ നിരന്തര കർമ്മ പരിപാടികൾ കൂടി ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തന കലണ്ടറിൽ ഉൾപ്പെടുത്താവുന്നതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 അധികം സബ്സിഡി അനുവദിച്ചു.

പ്രോജക്ട്-പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും (6/24)
നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ
അടങ്കൽ തുക-18,49,000/-രൂപ (വികസന ഫണ്ട്-1419000+ഗുണഭോക്തൃ വിഹിതം-430000/-രൂപ)
ചെലവ്- 18,49,000/-രൂപ (വികസന ഫണ്ട് -1419000/-രൂപ)
എ,സി.ആർ ബിൽ നം.406/26.12.23 മുതൽ 412/26.12.23 വരെ 6,60,000/-രൂപ,
എ,സി.ആർ ബിൽ നം- 625/24.03.24 മുതൽ 635/24.03.24 വരെ 759000/-രൂപ)
ഗുണഭോക്തൃ വിഹിതം- 4,30,000/-രൂപ

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പോട്ടിംഗ് മിശ്രിതം നിറച്ച 12 ചട്ടികൾ (തൈ ഉൾപ്പെടെ) അടങ്ങുന്ന ഒരു യൂണിറ്റിന് 2150/-രൂപ പ്രകാരം 860 യൂണിറ്റ് KAICO എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയും, സ്ഥാപനത്തിന് വികസന ഫണ്ട്-1419000/-രൂപയും, ഗുണഭോക്തൃ വിഹിതം-4,30,000/-രൂപയും ഉൾപ്പെടെ 18,49,000/-രൂപ നൽകുകയും ചെയ്തു. 14-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.കൈ.നം.115/2022, തസ്വഭവ തീയതി 28.05.2022, ഖണ്ഡിക 6.15 പ്രകാരം പോട്ടിംഗ് മിശ്രിതം നിറച്ച്, പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും നടത്തുന്നതിന് നൽകാവുന്ന പരമാവധി സബ്സിഡി 75% ആണ്. ഇപ്രകാരം 1 യൂണിറ്റിന് അനുവദിക്കാവുന്ന സബ്സിഡി 1612.5/-രൂപയും, 860 യൂണിറ്റുകൾക്ക് ചെലവഴിക്കാവുന്ന ആകെ സബ്സിഡി തുക 860x1612.5-13,86,750/-രൂപയും ആണ്. സബ്സിഡി ഇനത്തിൽ കൂടുതലായി നൽകിയിട്ടുള്ള (1419000-1386750) 32,250/-രൂപ നിരാകരിക്കുന്നു. ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് 30.11.2024 ൽ 14-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. **നിരാകരിച്ച തുക-32,250/-രൂപ**
ഓഡിറ്റ് എൻകുയറി നം- 14/30.11.2024.

3-2 ലൈഫ് ഭവന പദ്ധതി തുക അധികം നൽകി

ലൈഫ് ഭവന പദ്ധതി ഗുണഭോക്താവായ ശ്രീമതി സുധ എന്ന വ്യക്തിക്ക് ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ആനുകൂല്യമായ നാലു ലക്ഷം രൂപ നൽകുന്നതിനു പകരം അഞ്ചു ലക്ഷം

രൂപ വിവിധ ബില്ലുകളിലായി നൽകിയിരിക്കുന്നു.
ശ്രീമതി സുധയുടെ (സുധ, രവി) പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കരുനാഗപ്പള്ളി ശാഖയിലെ 57026197960 നമ്പർ അക്കൌണ്ടിലേക്കാണ് താഴെ പറയുന്ന തീയതിയിൽ വിവിധ ഫണ്ടിൽ നിന്നും തുക അനുവദിച്ചിരിക്കുന്നത്.

തുക(രൂപ)	ഫണ്ടിനം	തീയതി	ബിൽ നമ്പർ
40000/-	ലോൺ	10-01-23	20/23/05-01-23
1,60,000/-	ജില്ലാപഞ്ചായത്ത്	5-03-23	33/23/13-03-23
1,00,000/-	ലോൺ	12-06-23	50/02-06-23
1,00,000/-	ലോൺ	15-06-23	55/12-06-23
60,000/-	ലോൺ	22-02-24	6614/18-02-24
40,000/-	സംസ്ഥാനവിഹിതം	22-07-24	3612/20-02-24
ആകെ-5,00,000/-			

ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. അധികം നൽകിയ തുക തിരികെ ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടിയായി 2-12-2014 1240103431/G020804 നമ്പർ രസീതു പ്രകാരം 50000/-രൂപ തിരികെ ഒടുക്കിയിട്ടുണ്ട്. ബാക്കി തുക തിരികെ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയിട്ടുള്ള 50,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. അധികം തുക നൽകിയതിന് ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തുക തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.
നിരാകരിച്ച തുക 50000/-രൂപ
ഓഡിറ്റ് എൻകുയറി നമ്പർ –9/29-11-24

3-3 പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക അധികം നൽകി

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി ആനുകൂല്യം നൽകിയപ്പോൾ സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും അധികം തുക നൽകി.

പ്രോജക്ട്	പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (46/24)
അടങ്കൽ	12,00,000/-രൂപ
ഫണ്ടിനം	വികസനഫണ്ട് എസ്.സി.പി.
ചെലവ്	9,05,000/-രൂപ
ബിൽ നമ്പർ	1,95,000/-രൂപ, 12/21-12-23 80,000/-രൂപ, 16/21-12-23 70,000/-രൂപ, 17/28-12-23 80,000/-രൂപ, 19/28-12-23 1,65,000/-രൂപ, 20,31-01-24 1,15,000/-രൂപ, 21/31-01-24 40,000/-രൂപ, 22/05-02-24 10,000/-രൂപ, 23/04-08-24 60,000/-രൂപ, 24/25-03-24 20.000/-രൂപ, 26/25-03-24 70,000/-രൂപ, 28/25-03-24

താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് തുക അധികം നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

വിദ്യാർത്ഥിയുടെ പേര്	പഠിക്കുന്ന കോഴ്സ്	നൽകാവുന്ന തുക(രൂപ)	നൽകിയ തുക	അധികം നൽകിയ തുക(രൂപ)	ബിൽ നമ്പർ
അഞ്ജലി തുളസി	DLEd	15,000/-	20,000/-	5000/-	12/21-12-23

ആർദ്ര സുരേന്ദ്രൻ	DPharm	15,000/-	30,000/-	15,000/-	20/31-1-24

തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടിയായി മേൽ വ്യക്തികളിൽ നിന്നും തുക തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ അധികം ചെലവഴിച്ച 20,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകൃയറി നം- 1/23-11-24

നിരാകരിച്ച തുക- 20,000/-രൂപ

3-4 വീട് വാസയോഗ്യമാക്കൽ മൂല്യനിർണ്ണയ സാക്ഷ്യപത്ര പ്രകാരം അനുവദനീയമായതിലും കൂടുതൽ തുക നൽകി

പ്രോജക്ട് -വീട് വാസയോഗ്യമാക്കൽ (5/24)
നിർവ്വഹണ ഉദ്യോഗസ്ഥൻ-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ തുക-57,50,000/-രൂപ(വികസന ഫണ്ട് -3359200/-രൂപ, തനത് ഫണ്ട്-2360800/-രൂപ)
ചെലവ്-1532143/-രൂപ (വികസന ഫണ്ട് -5392264/-രൂപ, തനത് ഫണ്ട്-992579/-രൂപ)
ടി പ്രോജക്ടിലെ താഴെകൊടുത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് മൂല്യനിർണ്ണയ സാക്ഷ്യപത്ര പ്രകാരം അനുവദനീയമായതിലും കൂടുതൽ തുക നൽകി. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര്	മൂല്യനിർണ്ണയ പത്രിക പ്രകാരം നൽകേണ്ട തുക(രൂപ)	നൽകിയ തുക(രൂപ)	ബിൽ നമ്പർ	അധികം നൽകിയ തുക(രൂപ)
ബാബു	70,693/-	75,000/-	23030752097900803977	4,307/-
സന്ധ്യ. എൽ	53,712/-	75,000/-	23030752097901129669—35000 23030752097901534711--40000	21,288/-
			ആകെ	25,595/-

തുക അധികം നൽകിയതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻകവയറിക്ക് മറുപടിയായി തുക തിരികെ അടയ്ക്കുന്നതാണെന്ന് അറിയിച്ചു. ഈയിനത്തിൽ അധികം ചെലവഴിച്ച 25595/- രൂപ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻകവയറി നമ്പർ- 15/30-11-24

നിരാകരിച്ച തുക -25595/-രൂപ

3-5 എള്ള് കൃഷിക്ക് സബ്സിഡി- പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിലും അധികമായി സബ്സിഡി നൽകി

പ്രോജക്ട്-എള്ളുകൃഷിക്ക് സബ്സിഡി(11/24)
നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി ഓഫീസർ
അടങ്കൽ തുക- 45000/-(വികസന ഫണ്ട്)
ചെലവ്-7500/-(എ,സി.ആർ ബിൽ നം.642/24.03.24)

പതിനാലാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(എം.എസ്.) 115/2022 ത.സ്വ.ഭ.വ. തീയതി 28.05.2022 പ്രകാരം ഒരു ഹെക്ടർ സ്ഥലത്തെ എള്ള് കൃഷിക്ക് പരമാവധി 15000/-രൂപ നിരക്കിൽ സബ്സിഡിക്ക് അർഹത ഉണ്ട്. എന്നാൽ ശ്രീമതി ഹുസൈബ എന്ന കർഷകയ്ക്ക് ഈ നിരക്കിനേക്കാൾ അധികമായി തുക നൽകി. ടി വ്യക്തി ആകെ 9 ആർ 69 ച. മീ, 6 ആർ 38 ച. മീ. (ആകെ 16.07) സ്ഥലത്ത് കൃഷി ചെയ്തതിന് അനുവദനീയമായ തുക 2400/-രൂപയാണ്. എന്നാൽ പദ്ധതി പ്രകാരം ഈ വ്യക്തിക്ക് ആകെ 3600/-രൂപ അനുവദിച്ചു. അധികമായി അനുവദിച്ച 1200/-രൂപ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൌണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

നിരാകരിച്ച തുക – 1200/-രൂപ

ഓഡിറ്റ് എൻകവയറി – 14/30.11.2024

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2023-24	23.11.24	കെ.എസ്.എ.കെ.എൽ.എം.പി2/2201/24 തീയതി-10.12.2024

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (₹)	പ്രോജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2023-24	9,10,000/-	ലൈഫ് – എസ് സി (51/24)	9,10,000/-	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	2,50,000/-	അംഗൻവാടി പോഷകാഹാരം (34/24)	2,50,000/-	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	3,00,000/-	സ്കോളർഷിപ്പ് (28/24)	3,00,000/-	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	4,80,000/-	ലൈഫ് – ജനറൽ (144/24)	4,80,000/-	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	7,00,000/-	ലൈഫ് – ഭവനം (35/24)	7,00,000/-	0
ബ്ലോക്ക് പഞ്ചായത്ത്	2023-24	4,71,967/-	പാലിന് സബ്സിഡി (15/24)	4,71,967/-	0
ജില്ലാ പഞ്ചായത്ത്	2023-24	10,60,000/-	ലൈഫ് – എസ് സി (51/24)	10,60,000/-	0
ജില്ലാ പഞ്ചായത്ത്	2023-24	25,000/-	അംഗൻവാടി പോഷകാഹാരം (34/24)	25,000/-	0
ജില്ലാ പഞ്ചായത്ത്	2023-24	2,00,000/-	സ്കോളർഷിപ്പ് (28/24)	2,00,000/-	0
ജില്ലാ പഞ്ചായത്ത്	2023-24	22,00,000/-	ലൈഫ് – ജനറൽ (144/24)	22,00,000/-	0
ജില്ലാ പഞ്ചായത്ത്	2023-24	1,40,000/-	ലൈഫ് – ഭവനം (35/24)	1,40,000/-	0
ജില്ലാ പഞ്ചായത്ത്	2023-24	2,12,240/-	പാലിന് സബ്സിഡി (15/24)	2,12,240/-	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെപേര്	മുൻകൂർ നൽകിയ തുക (രൂപ)	ചെലവഴിച്ച തുക (രൂപ)	ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ)
കെ.ഐ.പി,(എൽ.ബി)	289/24-ഊപ്പത്തിൽമുക്ക് കെ.ഐ.പി.കനാൽ റോഡ് കോൺക്രീറ്റ്- KIPയിലേക്ക് തുക അടവാക്കൽ	5,00,000/-	0	5,00,000/-
കെ.ഐ.പി,(എൽ.ബി)	228/24-മുത്താൻവിള കെ.ഐ.പി.കനാൽ റോഡ് കോൺക്രീറ്റ്- KIPയിലേക്ക് തുക അടവാക്കൽ	5,00,000/-	0	5,00,000/-
തീരദേശവികസന കോർപ്പറേഷൻ	255/24-വാർഡ് നം 22 ലെ അമ്പനാട്ടു കുളം നവീകരണം	22,50,000/-	0	22,50,000/-
കേരള സംസ്ഥാന വൈദ്യുതി ബോർഡ്	190/24-സ്ട്രീറ്റ് മെയിൻ വലിക്കൽ	1532316/-	1532316/-	0
മൈനർ ഇറിഗേഷൻ വകുപ്പ്	പള്ളിക്കലാർ വട്ടക്കായൽ നവീകരണം-192/24, 62/24	2410650/-	0	2410650/-
കേരള സംസ്ഥാന വൈദ്യുതി ബോർഡ്	22/24-ഗതാഗത തടസ്സമായി നിൽക്കുന്ന പോസ്റ്റ് മാറ്റി വക്കൽ	338095/-	0	338095

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,43,42,394/-രൂപ വരവുണ്ട്. മുൻബാക്കി 0.0/-രൂപയടക്കം 1,43,42,394/-രൂപയിൽ 1,39,60,030/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

വായ്പയുടെ പേര്	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക (രൂപ)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ)	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ)
				മുതൽ	പലിശ	
ലൈഫ് ഭവനപദ്ധതി		1,43,42,394/-	3,66,09,523/-	45,55,865/-		4,63,96,052/-

4-6 സ്ഥിരനിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	1,76,91,586/-
തൻവർഷം നിക്ഷേപിച്ച തുക	-
ആകെ	1,76,91,586/-
തന്നാണ്ടിൽ പിൻവലിച്ച തുക	-
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	1,76,91,586/-

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6698/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ഖണ്ഡിക	ഈടാക്കിയ തുക (₹)	ഒടുക്കിയ ആളുടെ പേരും/ ഉദ്യോഗപ്പേരും	രശീത് നമ്പർ /തീയതി
2016-17	2-4	6,698/-	മായ എസ് പിള്ള, തഹസിൽദാർ	1230100070/ 13.04.23

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ

അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
പ്രവർത്തനാവലോകന റിപ്പോർട്ട്	-	2014-15	4-1-10	2003-04 ൽ 3,36,439/-രൂപ ചെലവഴിച്ചു നിർമ്മിച്ച പകൽവീട്, 04-05 ൽ 1,19,740/-രൂപ വിനിയോഗിച്ചു നിർമ്മിച്ച വൃദ്ധസദനം എന്നിവ ബഡ്സ് സ്കൂളുകളാക്കി മാറ്റിയിരിക്കുന്നു.	പരാമർശം നിലനിൽക്കുന്നു.
2015-16	2-5	2016-17	അനുബന്ധം 5	തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച്	പരാമർശം നിലനിൽക്കുന്നു.
2019-20	1-20	2020-21		പ്രമേഹ രോഗികൾക്ക് ആവശ്യമായ മരുന്ന് വിതരണം	പരാമർശം നിലനിൽക്കുന്നു.

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പന്മന ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും
3-1	32,250/-	ശ്രീ.ബിനോയ് കെ വി, കൃഷി ഓഫീസർ
3-2	50,000/-	ശ്രീ. വിശാൽരാജ്, വി ഇ ഒ
3-3	20,000/-	ശ്രീ.റോഷി സിസിലിയ, അസിസ്റ്റന്റ് സെക്രട്ടറി
3-4	25,595/-	ശ്രീ പത്മകുമാർ, വി ഇ ഒ
3-5	1,200/-	ശ്രീ. ബിനോയ് കെ വി, കൃഷി ഓഫീസർ
ആകെ	1,29,045/-	

(ബി) ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂപ)	ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും
1-16	5,10,000/-	ശ്രീ.സി.പി.വിൻസെന്റ്, സെക്രട്ടറി
1-21	32,50,000/-	ശ്രീ.സി.പി.വിൻസെന്റ്, സെക്രട്ടറി
1-22	24,10,650/-	ശ്രീ.സി.പി.വിൻസെന്റ്, സെക്രട്ടറി
1-24	33,34,040/-	ശ്രീ.സി.പി.വിൻസെന്റ്, സെക്രട്ടറി
1-26	12,84,228/-	ശ്രീ.സി.പി.വിൻസെന്റ്, സെക്രട്ടറി
1-34	4,09,225/-	ശ്രീ. ബിനോയ് കെ വി, കൃഷി ഓഫീസർ
ആകെ	1,11,98,143/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും/ ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.സി.പി.വിൻസെന്റ് സെക്രട്ടറി	വിരമിച്ചു	ചെങ്ങഴവേലിൽ, ചെറുകോൽ പി ഒ, 690104, മാവേലിക്കര, ചെന്നിത്തല, ഫോൺ-9567301549
ശ്രീ. വിശാൽരാജ് വി ഇ ഒ	വി ഇ ഒ, പന്മന	ഇന്ദീവരം, കുളങ്ങരഭാഗം, ചവറ പിഒ, കൊല്ലം,691583, ഫോൺ-9496316771
ശ്രീ.റോഷി സിസിലിയ അസിസ്റ്റൻറ് സെക്രട്ടറി	അസിസ്റ്റൻറ് സെക്രട്ടറി പന്മന ഗ്രാമപഞ്ചായത്ത്	ജിതിൻ കോട്ടേജ്, കൃഷ്ണൻ നഗർ, റ്റി ഡി നഗർ, കച്ചേരി പി ഒ,691013, ഫോൺ-9961490821
ശ്രീ പത്മകുമാർ വി ഇ ഒ	വി ഇ ഒ, പന്മന ഗ്രാമപഞ്ചായത്ത്	ശ്രീഭവനം, കളരി, പന്മന, ഫോൺ-8281425767
ശ്രീ. ബിനോയ് കെ വി കൃഷി ഓഫീസർ	കൃഷി ഓഫീസർ കൃഷി ഓഫീസ്, പന്മന	കോമള വിലാസം, നെടുമ്പന പി ഒ, കൊല്ലം,691576, ഫോൺ-7012413664

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1996-97	കെ.എസ്.എ.കെ.എൽ.എം./പി2-367/18/10.4.18	26
1998-99	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	10
1999-00	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	9
2000-01	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	2
2001-02	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	8

2002-03	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	4
2003-04	കെ.എസ്.എ.കെ.എൽ.എം./പി2-367/18/10.4.18	2
2004-05	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	5
2005-06	കെ.എസ്.എ.കെ.എൽ.എം./പി2-369/18/10.4.18	10
2006-07	കെ.എസ്.എ.കെ.എൽ.എം./പി2-778(1)/2019/07-06-19	9
2007-08	കെ.എസ്.എ.കെ.എൽ.എം./പി2-778(2)/2019/07-06-19	11
2008-09	കെ.എസ്.എ.കെ.എൽ.എം. /പി2-778(3)/2019/07-06-19	2
2009-10 & 2010-11	കെ.എസ്.എ.കെ.എൽ.എം./പി2-778 (4)/2019/07-06-19	9
2011-12	കെ.എസ്.എ.കെ.എൽ.എം./പി2/അദാലത്ത് 2011-12/369/22/ 20.08.22	3
2012-13	കെ.എസ്.എ.കെ.എൽ.എം./പി2/അദാലത്ത് 2012-13/369/22/ 20.08.22	10
2013-14 & 2014-15	കെ.എസ്.എ.കെ.എൽ.എം./പി2/അദാലത്ത് 2013-14, 2014-15/369/22/ 20.08.22	6
2015-2016	കെ.എസ്.എ.കെ.എൽ.എം./പി2/അദാലത്ത് 2015-16/369/22/ 20.08.22	3
2016-2017	കെ.എസ്.എ.കെ.എൽ.എം./പി2-1525/19/11.12.2019	12
2017-18	കെ.എസ്.എ.കെ.എൽ.എം./പി2-878/19/ 24.01.18	15
2018-19	കെ.എസ്.എ.കെ.എൽ.എം./പി2-1397/19/ 11.06.2020	12
2019-20	കെ.എസ്.എ.കെ.എൽ.എം./പി2-450/2020-21 (1)/30.08.22	15
2020-21	കെ.എസ്.എ.കെ.എൽ.എം./പി2-1323/2022/27.07.2022	എല്ലാ ഖണ്ഡികകളും
2021-22	കെ.എസ്.എ.കെ.എൽ.എം./പി2-2273/2022/29.03.2023	എല്ലാ ഖണ്ഡികകളും
2022-23	കെ.എസ്.എ.കെ.എൽ.എം./പി2-1431 /2023/08/09/2023	എല്ലാ ഖണ്ഡികകളും

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 28-05-2024 and submitted on 29-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Panmana Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Panmana Grama Panchayat as on 31-03-2024

Date: 10/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Panmana Grama Panchayat for the Year 2023-2024.

1.Major Observations

2.Other Observations

1. B1 shedule not included in the Annual Financial Statement.
2. Cashflow statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3. Loan and state share expenditure of Life Housing Schemes does not match with Annual financial Statement.
4. Lapses in making timely and accurate demand entries in respect of tax and non tax revenue.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3
അനുബന്ധ പത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്